www.societytodaynews.com
2024 SEPTEMBER
02
MONDAY
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# വിലയിടിവിൽ റബർ കർഷകർ ദുരിതത്തിൽ

പുനലൂർ: വിലയിടിവിൽ റബർ കർഷകർ നട്ടം തിരിയുന്നു. ഉത്പാദനച്ചെലവ് വർധിക്കുകയും അതനുസരിച്ച് വില കിട്ടാത്ത സ്ഥിതിയാവുകയും ചെയ്തതോടെയാണ് കർഷകർ ദുരിതത്തിലായത്. റബർ കൃഷിയെ അമിതമായി ആശ്രയിച്ചവരെയെല്ലാം വിലയിടിവ് ബാധിച്ചു. നഷ്ടം പെരുകിയതോടെ പലരും ടാപ്പിങ് നിർത്തുകയാണ്. ടാപ്പിങ് കൂലിയും മറ്റു ചെലവുകളും വർധിച്ചതോടെ കൃഷിയിൽ നിന്ന് ഗുണമില്ലാതായെന്ന് കർഷകർ പറയുന്നു. ചെറുകിട റബർ കർഷകർക്കൊപ്പം എസ്റ്റേറ്റ് ഉടമകളും പ്രതിസന്ധിയിലാണ്. മലയോര മേഖലയിലെ ഭൂരിഭാഗം ജനങ്ങളുടെയും ജീവനോപാധി റബർ കൃഷിയാണ്. കാർഷിക മേഖല സ്തംഭിച്ചതോടെ സമസ്ത മേഖലയും പ്രതിസന്ധിയിലായി. റബർ അനുബന്ധ തൊഴിലുകളും നിർമാണപ്രവർത്തനങ്ങളും നടക്കുന്നില്ല.23,000 ഹെക്ടർ റബർ കൃഷിയുണ്ടായിരുന്ന കേരളത്തിൽ ഇപ്പോൾ ഏഴായിരും ഹെക്ടറിൽ മാത്രമാണ് കൃഷി. അടിസ്ഥാനവില നിശ്ചയിച്ച് വില സ്ഥിരതാഫണ്ടിൽ നിന്ന് കർഷകർക്ക് സബ്സിഡി നൽകുന്ന പദ്ധതി സർക്കാർ അടുത്തിടെ പുനരാരംഭിച്ചെങ്കിലും നഷ്ടം കുറയ്ക്കാൻ ഇതൊന്നും പര്യാപ്തമല്ലെന്നാണ് പരാതി.പ്രതിസന്ധിയിലായ റബർ മേഖലയെ സഹായിക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ യോജിച്ച് നടപടി സ്വീകരിക്കണം.

## ശാരദ മുരളീധരൻ ചീഫ് സെക്രട്ടറിയായി ചുമതലയേറ്റു



**തിരുവനന്തപുരം:** കേരളത്തിന്റെ പുതിയ ചീഫ് സെക്രട്ടറിയായി ശാരദ മുരളീധരൻ ചുമതലയേറ്റു. ഭർത്താവ് ഡോ. വി. വേണുവിൽ നിന്നാണ് ശാരദ മുരളീധരൻ സ്ഥാനം ഏറ്റെടുത്തത്. നവകേരളം പദ്ധതി അടുത്ത വർഷം മാർച്ച് മാസത്തിനകം പൂർത്തിയാക്കേണ്ടതിനാൽ വിവിധ വകുപ്പുകൾ ഏകോപനത്തോടെ പ്രവർത്തിക്കേണ്ടതുണ്ടെന്ന് പുതിയ ചീഫ് സെക്രട്ടറി ചുമതലയേറ്റെടുത്ത ശേഷം പറഞ്ഞു. സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതികളെ അതിജീവിച്ച് നല്ല രീതിയിൽ വികസനത്തിൽ മുന്നേറാൻ സംസ്ഥാനത്തിന് സാധിക്കേണ്ടതുണ്ട്. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ വലിയ ദുരന്തനിവാരണ ദൗത്യം ഏറ്റെടുത്തിരിക്കുകയാണ്. ഇതിന്റെ പ്രവർത്തനം കൃത്യമായി നടപ്പാക്കി സർക്കാരിന്റെ ദൗത്യം സാക്ഷാത്ക്കരിക്കും. ചീഫ് സെക്രട്ടറിയുടെ ഓഫീസിന് തന്റെ മുൻഗാമികൾ കൊണ്ടുവന്ന ചില മൂല്യങ്ങളുണ്ട്. ജനകീയമായ, ജനസൗഹൃദമായ ഓഫീസായി അത് പരിണമിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർക്കും സാധാരണക്കാർക്കും പ്രശ്നപരിഹാരത്തിനുള്ള ഇടമായി ചീഫ് സെക്രട്ടറിയുടെ ഓഫീസ് തുടർന്നും പ്രവർത്തിക്കുമെന്ന് ശാരദ മുരളീധരൻ പറഞ്ഞു.

# തമിഴ്നാട്ടിൽ ഹരിതോർജ ഉൽപാദനത്തിന് 400 കോടിയുടെ കരാർ



**ചെന്നൈ:** ഹരിതോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് ചെന്നൈയ്ക്കടുത്ത് പ്രത്യേക കേന്ദ്രം ആരംഭിക്കുന്നതിന് യുഎസ് കമ്പനിയായ ഒമിയം ഇന്റർനാഷനൽ തമിഴ്നാട് സർക്കാരുമായി 400 കോടി രൂപയുടെ ധാരണാപത്രം ഒപ്പിട്ടു. സംസ്ഥാനത്തേക്കു കൂടുതൽ വിദേശ നിക്ഷേപം എത്തിക്കുന്നതിനായി യുഎസിലുള്ള മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ കമ്പനി മേധാവികളുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കു പിന്നാലെയാണ് ഒപ്പിട്ടത്. ഹരിതോർജം ഉൽപാദിപ്പിക്കുന്നതിനും സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനും പദ്ധതി സഹായിക്കുമെന്ന് മുഖ്യമന്ത്രി സ്റ്റാലിൻ പറഞ്ഞു. പുതുതായി 500 പേർക്കു തൊഴിൽ ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. 28ന് യുഎസിലെത്തിയ സ്റ്റാലിൻ ഗൂഗിൾ, മൈക്രോസോഫ്റ്റ് അടക്കം വിവിധ പ്രമുഖ കമ്പനികളുമായി ഇതിനകം ചർച്ച നടത്തി. സെമികണ്ടക്ടർ, ടെലികോം മേഖലകളുടെ വികസനവുമായി ബന്ധപ്പെട്ട് 900 കോടി രൂപയുടെ കരാറിൽ നേരത്തെ ഒപ്പുവച്ചിരുന്നു.

# വ്യോമയാന വിപണി വാഴാൻ ടാറ്റയും ഇൻഡിഗോയും



**കൊച്ചി:**ഇന്ത്യൻ വ്യോമയാന വിപണി രാജ്യത്തെ രണ്ട് മുൻനിര കോർപ്പറേറ്റ് ഗ്രൂപ്പുകളുടെ മേധാവിത്തത്തിലേക്ക് നീങ്ങുന്നു. രാജ്യത്തെ പ്രമുഖ എയർലൈൻ കമ്പനികളായ വിസ്താരയും എയർ ഇന്ത്യയും ലയിക്കുന്നതോടെ ഇന്ത്യൻ ആകാശത്തിൻറെ നിയന്ത്രണം ടാറ്റ ഗ്രൂപ്പിൻറെയും ഇൻഡിഗോയുടെയും അധീനതയിലാകുന്നു. ടാറ്റ ഗ്രൂപ്പും സിംഗപ്പൂർ എയർലൈൻസും സംയുക്തമായി ആരംഭിച്ച വിസ്താരയുടെ പ്രവർത്തനം നവംബർ പതിനൊന്നിന് പൂർണമായും എയർ ഇന്ത്യയുടെ കീഴിലാകും. ഗോ ഫസ്റ്റ് പ്രവർത്തനം നിറുത്തിയതും സ്പൈസ് ജെറ്റിൻറെ സാമ്പത്തിക പരാധീനതകളും മൂലം ഈ രണ്ട് കമ്പനികൾക്ക് വിപണിയിൽ അപ്രമാധിത്വം ലഭിക്കുമെന്നാണ് വിലയിരുത്തുന്നത്.

അതിവേഗം വളരുന്ന ഇന്ത്യൻ വ്യോമയാന വിപണിയുടെ എൺപത് ശതമാനം വിഹിതം എയർ ഇന്ത്യയുടെയും ഇൻഡിഗോയുടെ കൈകളിലേക്ക് മാറ്റും. ഇതോടെ ആഭ്യന്തര സർവീസുകളിൽ ടിക്കറ്റ് നിരക്കുകൾ കുത്തനെ കൂടാനിടയുണ്ടെന്ന് ട്രാവൽ ഏജൻസികൾ പറയുന്നു. നിരവധി പുതിയ വിമാനത്താവളങ്ങളുമായി ഇന്ത്യൻ വ്യോമയാന വിപണി മികച്ച മുന്നേറ്റം നടത്തുമ്പോഴാണ് കുത്തകവൽക്കരണം ശക്തമാകുന്നത്.

ലയനം പൂർണമാകുന്നതോടെ സെപ്തംബർ 12 മുതൽ ഉപഭോക്താക്കൾക്ക് വിസ്താരയിൽ ടിക്കറ്റ് ബുക്ക് ചെയ്യാനാവില്ല. വിസ്താര സർവിസ് നടത്തുന്ന റൂട്ടുകളിൽ നവംബർ 12നോ അതിനു ശേഷമോ പുറപ്പെടുന്ന വിമാനങ്ങളുടെ ബുക്കിംഗ് സെപ്തംബർ മൂന്ന് മുതൽ എയർ ഇന്ത്യയുടെ വെബ്സൈറ്റിലേക്ക് മാറും. എയർ ഇന്ത്യയെ ടാറ്റ ഗ്രൂപ്പ് ഏറ്റെടുത്തതിന് ശേഷം വിസ്താരയുമായുള്ള 2022 നവംബറിലാണ് ലയനം പ്രഖ്യാപിച്ചത്. ലയന ശേഷം സിംഗപ്പൂർ എയർലൈൻസിന് എയർ ഇന്ത്യയിൽ 25.1 ശതമാനം ഓഹരി പങ്കാളിത്തമുണ്ടാകും. ഇന്ത്യയിൽ നിന്ന് ആഗോള വ്യോമയാന രംഗത്തെ താരമാകാനാണ് ടാറ്റ ഗ്രൂപ്പ് ലക്ഷ്യമിടുന്നത്. ടാറ്റ ഗ്രൂപ്പ് 2,700 കോടി രൂപയ്ക്കാണ് എയർ ഇന്ത്യയുടെ നിയന്ത്രണം ഏറ്റെടുത്തത്. 250 എയർ ബസുകളും 220 ബോയിംഗ് ജെറ്റുകളും വാങ്ങുന്നതിന് കമ്പനി കരാർ നൽകാൻ ഒരുങ്ങുകയാണ്.



സൊസൈറ്റി ടുഡേ
SOCIETY TODAY

# സ്തനാർബുദം നേരത്തെ തിരിച്ചറിഞ്ഞു; അമേരിക്കൻ ഓങ്കോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ചികിത്സയിലൂടെ 40കാരിക്ക് രോഗമുക്തി

**കോഴിക്കോട്:** സ്തനാർബുദം ആദ്യ ഘട്ടത്തിൽ തന്നെ തിരിച്ചറിയുകയും കൃത്യസമയത്ത് ചികിത്സ ലഭിക്കുകയും ചെയ്തതിലൂടെ കോഴിക്കോട് ഓങ്കോളജി ഇൻസ്റ്റിറ്റിയൂട്ടിൽ 40കാരി രോഗമുക്തി നേടി. ഇൻസ്റ്റിറ്റിയൂട്ട് നടത്തിയ സ്തനാർബുദ പരിശോധന ക്യാമ്പിൽ പങ്കെടുത്തപ്പോഴാണ് സർക്കാർ ജീവനക്കാരിയായ ഇവർക്ക് രോഗബാധ കണ്ടെത്തിയത്. പിന്നീട് റേഡിയേഷൻ ഓങ്കോളജി വിഭാഗം മേധാവി ഡോ. മിധുൻ മുരളിയുടെ നേതൃത്വത്തിൽ നടത്തിയ വിശദമായ പരിശോധനയിൽ ഇവർക്ക് സ്റ്റേജ് 1 സ്തനാർബുധം സ്ഥിരീകരിക്കുകയായിരുന്നു. ചികിത്സ പൂർത്തിയാക്കി ആറു മാസത്തിനു ശേഷം അമേരിക്കൻ ഓങ്കോളജി ഇൻസ്റ്റിറ്റിയൂട്ടിലെ മൾട്ടിഡിസിപ്ലിനറി ഇന്റർനാഷനൽ ട്യൂമർ ബോർഡ് ഫലം വിലയിരുത്തുകയും രോഗമുക്തി നേടിയതായി അറിയിക്കുകയും ചെയ്തു.


ഡോ. മിഥുൻ മുരളി

**40 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾ മാമോഗ്രാം പോലുള്ള പരിശോധനകൾ നടത്തിയാൽ ഇത്തരത്തിലുള്ള രോഗബാധ നേരത്തെ കണ്ടെത്താൻ സാധിക്കും**

വളരെ ചെറിയ ഭാഗം മാത്രമായിരുന്നു രോഗബാധ. അതിനാൽ സ്തനം പരിരക്ഷിക്കുന്നതിനുള്ള ശസ്ത്രക്രിയ ചെയ്തു. രോഗം നിർണയിച്ച് ദിവസങ്ങൾക്കുള്ളിൽ തന്നെ ഇതു പൂർത്തിയാക്കാൻ സാധിച്ചു. രോഗിക്കും ഇത് വളരെ ആശ്വാസമായി. സ്തനത്തിന്റെ രൂപഘടന സംരക്ഷിക്കാനായി ഓങ്കോപ്ലാസ്റ്റിക് സർജറിയും ചെയ്തു. ചികിത്സയുടെ ഭാഗമായി കീമോതെറപ്പി ചെയ്യേണ്ടി വന്നില്ല. നാലാഴ്ച റേഡിയോതെറപ്പി ചെയ്തു. ചികിത്സയ്ക്കിടയിലും ഇവർ ജോലിക്കു പോയിക്കൊണ്ടിരുന്നു. ഇപ്പോൾ പൂർണമായും രോഗമുക്തി നേടി, ഡോ. മിഥുൻ മുരളി പറഞ്ഞു.

ലോകത്തൊട്ടാകെ സ്ത്രീകളിൽ സാധാരണയായി കണ്ടുവരുന്ന അർബുദമാണ് സ്തനാർബുദം. ഇന്ത്യയിൽ ഇവ ഏറിയ പങ്കും കണ്ടെത്തുന്നത് അവസാന ഘട്ടത്തിലാണ്. സ്വയം പരിശോധനയിലൂടെയോ ഡോക്ടറുടെ ക്ലിനിക്കൽ പരിശോധനയിലൂടെയോ വളരെ നേരത്തെ തന്നെ ഇതു തിരിച്ചറിയാൻ കഴിഞ്ഞാൽ ഈ സ്ഥിതിക്ക് മാറ്റമുണ്ടാകും. 40 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾ മാമോഗ്രാം പോലുള്ള പരിശോധനകൾ നടത്തിയാൽ ഇത്തരത്തിലുള്ള രോഗബാധ നേരത്തെ കണ്ടെത്താൻ സഹായകമാകുമെന്നും ഡോ. മിഥുൻ മുരളി പറഞ്ഞു.

അർബുദ ചികിത്സാ രംഗത്തെ അത്യാധുനിക സാങ്കേതിവിദ്യകളും കേന്ദ്രീകൃത റേഡിയേഷൻ ചികിത്സാ സംവിധാനങ്ങളും രാജ്യാന്തര നിലവാരത്തിലുള്ള അർബുദ ചികിത്സാ മാനദണ്ഡങ്ങളുമാണ് കോഴിക്കോട്ടെ അമേരിക്കൻ ഓങ്കോളജി ഇൻസ്റ്റിറ്റിയൂട്ടിലുള്ളത്. രോഗം തിരിച്ചറിഞ്ഞ ആദ്യഘട്ടത്തിൽ 40കാരി വലിയ ഉത്കണ്ഠയിലായിരുന്നു. എന്നാൽ വളരെ വേഗത്തിൽ തന്നെ തന്റെ രോഗാവസ്ഥയോട് പൊരുത്തപ്പെടുകയും പോസിറ്റീവ് സമീപനം സ്വീകരിക്കുകയും ചെയ്തു. ഇപ്പോൾ പൂർണ ആത്മവിശ്വാസത്തോടെ ഇവർ കാൻസറിനെ തോൽപ്പിച്ച തന്റെ കഥ മറ്റുള്ളവരോട് പങ്കുവയ്ക്കുന്നു. കാൻസറിനോട് പൊരുതുന്നവർക്ക് ഇവർ പ്രചോദനം നൽകുകയും ചെയ്യുന്നു.

ഏറ്റവും മികച്ച ചികിത്സാ മാനദണ്ഡങ്ങൾ പിന്തുടരുന്നുണ്ടെന്ന് ഉറപ്പാക്കാനായി അമേരിക്കൻ ഓങ്കോളജി ഇൻസ്റ്റിറ്റിയൂട്ടിലെ ട്യൂമർ ബോർഡുകൾ ആഴ്ചതോറും ചേർന്ന് രോഗീപരിചരണം വിലയിരുത്തിവരുന്നുണ്ടെന്ന് സിടിഎസ്ഐയിലെ സ്ട്രാറ്റജി ആന്റ് ഓപറേഷൻസ് സൗത്ത് ഏഷ്യ ഗ്രൂപ്പ് ഹെഡ് ഫൈസൽ സിദ്ദീഖി പറഞ്ഞു. അത്യാധുനിക രോഗനിർണയ, ചികിത്സാ സംവിധാനങ്ങളുടെ സഹായത്തോടെ സ്തനാർബുദം പോലുള്ള അർബുധ ബാധിതരുടെ അവയവസങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

കോഴിക്കോട് ബേബി മെമോറിയൽ ഹോസ്പിറ്റലിലാണ് അമേരിക്കൻ ഓങ്കോളജി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. കോഴിക്കോട്ടെ ഏറ്റവും മികച്ച അർബുദ ചികിത്സാ കേന്ദ്രമായി മാറിയ ഇവിടെ പിഇടി സിടി, ഹൈബ്രിഡ് സ്പെക്ട്സിടി പോലുള്ള അത്യാധുനിക സൗകര്യങ്ങളുമുണ്ട്.

# കാരുണ്യ സ്പർശം രാജ്യത്തിനാകെ മാതൃകയാകുന്ന ചുവടുവെയ്പ്പ്

**തിരുവനന്തപുരം:** കാൻസർ ചികിത്സാ ചെലവ് ചുരുക്കുന്നതിൽ രാജ്യത്തിനാകെ മാതൃകയാകുന്ന ഒരു ചുവടുവെയ്പ്പാണ് കാരുണ്യ സ്പർശമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കാൻസർ രോഗബാധിതരായവർക്ക് പൊതുവിപണിയിൽ ലഭിക്കുന്നതിനെ അപേക്ഷിച്ച് പരമാവധി വിലക്കുറവിൽ കാരുണ്യ ഫാർമസികളിൽ നിന്ന് മരുന്നുകൾ ഇതുവഴി ലഭിക്കും. തീർച്ചയായും കാൻസർ രോഗികൾക്ക് വളരെ ആശ്വാസകരമാകുന്ന ഒരു ചുവടുവെയ്പ്പാകും ഇതെന്നും മുഖ്യമന്ത്രി പറഞ്ഞു. നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കാരുണ്യ ഫാർമസികളിൽ പ്രവർത്തനമാരംഭിക്കുന്ന കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ് കൗണ്ടറുകളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി ഓരോ ജില്ലയിലേയും തെരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസികളിലൂടെ ഉയർന്ന വിലയുള്ള കാൻസർ മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കും. നിലവിൽ കേരളത്തിലുടനീളം പ്രവർത്തിക്കുന്ന എല്ലാ കാരുണ്യ ഫാർമസികളിലുമായി 250 ഓളം ബ്രാൻഡഡ് ഓങ്കോളജി മരുന്നുകൾ ലഭ്യമാണ്. ഇവയെല്ലാം തന്നെ ഈ കൗണ്ടറുകളിലൂടെ കുറഞ്ഞ വിലയ്ക്ക് ലഭ്യമാകും.

അർബുദ ചികിത്സയ്ക്കുള്ള വിലകൂടിയ മരുന്നുകൾ ഇടനിലക്കാരില്ലാതെ രോഗികൾക്ക് ലഭ്യമാകും എന്നതാണ് ഇതിന്റെ സവിശേഷത.

രണ്ടു ശതമാനം സേവന ചെലവ് മാത്രം ഈടാക്കിക്കൊണ്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് ലഭിക്കുന്ന ലാഭം പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുമാകും ഈ കൗണ്ടറുകൾ പ്രവർത്തിക്കുക. 26 ശതമാനം മുതൽ 96 ശതമാനം വരെ വിലക്കുറവ് മരുന്നുകൾക്കുണ്ടാവും. ഉദാഹരണത്തിന്, വിപണിയിൽ ഏകദേശം ഒന്നേമുക്കാൽ ലക്ഷം രൂപ വിലവരുന്ന മരുന്നിന് 93 ശതമാനം വിലക്കുറവ് ഉണ്ടെങ്കിൽ കേവലം 11,892 രൂപയ്ക്കായിരിക്കും രോഗികൾക്കു ലഭ്യമാക്കുന്നത്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് ആദ്യത്തെ പ്രത്യേക കൗണ്ടർ ആരംഭിക്കുന്നത്. വിപണി വിലയിൽ നിന്ന് 10 മുതൽ 93 ശതമാനം വരെ വിലക്കുറവിൽ കാരുണ്യ ഫാർമസിയിലൂടെ എണ്ണായിരത്തിൽപ്പരം ബ്രാൻഡഡ് മരുന്നുകൾ വിതരണം ചെയ്തുവരുന്നുണ്ട്.

നിലവിൽ കേരളത്തിലുടനീളം 75 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവയിൽ ഏഴെണ്ണം 24 മണിക്കൂറും പ്രവർത്തിക്കുന്നവയാണ്. ഇവയുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കും.

ആരോഗ്യരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചെങ്കിലും കേരളം വളരെ ഗൗരവത്തോടെ ഏറ്റെടുക്കേണ്ട ചില ആരോഗ്യപ്രശ്നങ്ങളുണ്ട്. പകർച്ചവ്യാധികളുടെ വ്യാപനം, ജന്തുജന്യ രോഗങ്ങളുടെ വർദ്ധനവ്, ജീവിതശൈലീ രോഗങ്ങൾ തുടങ്ങിയ ഒട്ടേറെ കാര്യങ്ങളിൽ നാം ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. അവയിലൊന്നാണ് കാൻസർ നിയന്ത്രണം. സംസ്ഥാനത്ത് മുപ്പതു വയസ്സിനു മുകളിലുള്ളവരിൽ ഒമ്പത് ലക്ഷം പേർക്ക് കാൻസർ ബാധിക്കാൻ സാധ്യതയുണ്ടെന്നാണ് പുതിയ പഠനങ്ങൾ പറയുന്നത്.

ഇതിൽ ഏറ്റവും കൂടുതൽ സാധ്യത സ്തനാർബുദത്തിനാണ്. സ്ത്രീകളിൽ സെർവിക്കൽ കാൻസറും വർദ്ധിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

അതിനാൽ വികസിത രാജ്യങ്ങളുടെ മാതൃകയിൽ വാക്സിനേഷൻ നൽകി സെർവിക്കൽ കാൻസറിനെ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി രണ്ടര കോടി രൂപ പ്രത്യേകമായി വകയിരുത്തിയിട്ടുമുണ്ട്.

ആർസിസിയിലും എംസിസിയിലും ഒട്ടേറെ നൂതന ചികിത്സാ സൗകര്യങ്ങൾ ഇക്കാലയളവിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കാൻസർ നിയന്ത്രണത്തിനും ചികിത്സയ്ക്കുമായി സർക്കാർ നടത്തിവരുന്ന ഇത്തരം ഇടപെടലുകളുടെ തുടർച്ചയായാണ് ഈ സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ് കൗണ്ടറുകൾ.



## അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കുള്ള മരുന്ന് സൗജന്യമായി നൽകും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** അടുത്ത ഘട്ടമായി അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. വിലകൂടിയ കാൻസർ മരുന്നുകൾ പരമാവധി വില കുറച്ച് നൽകാനാണ് കാരുണ്യസ്പർശം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതേസമയം കാൻസർ മരുന്നുകളുടെ ചൂഷണം തടയുകയും ചെയ്യും. അത് അർഹമായ വ്യക്തികൾക്ക് ലഭ്യമാക്കുന്നതിന് പ്രിസ്ക്രിപ്ഷനിൽ സീൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കും. ഇതൊരു സ്വപ്ന സാക്ഷാത്ക്കാരമാണ്. കാൻസർ രോഗത്തിന് മുമ്പിൽ നിസഹായരാകുന്നവരെ സഹായിക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കും സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. ആർദ്രം മിഷൻ രണ്ടിന്റെ ഭാഗമായി 10 പ്രധാന കാര്യങ്ങളിൽ ഒന്നാണ് കാൻസർ പ്രതിരോധവും ചികിത്സയും. ഈ മേഖലയിൽ മൂന്ന് വർഷമായി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയതായി പ്രത്യക്ഷത്തിൽ കാണാൻ കഴിയും. കൃത്യമായ കാൻസർ ഡേറ്റ ശേഖരണത്തിനായി കാൻസർ രജിസ്ട്രി രൂപീകരിച്ചു.

14 ജില്ലകളിലും ജില്ലാ കാൻസർ കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കി. കാൻസർ ചികിത്സ വികേന്ദ്രീകരിച്ചു. എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സ ആരംഭിച്ചു. 201314 വർഷത്തിൽ കാൻസർ സെന്ററിന് പുറമേ അഞ്ച് മെഡിക്കൽ കോളേജുകളിൽ മാത്രമാണ് കാൻസർ ചികിത്സ ഉണ്ടായിരുന്നത്. ഇപ്പോൾ 50 സർക്കാർ ആശുപത്രികളിൽ കാൻസർ ചികിത്സ ലഭ്യമാണ്. അന്നത്തെ 68 മരുന്നുകളിൽ നിന്നും 176 മരുന്നുകൾ ലഭ്യമാക്കി. സൗജന്യ ചികിത്സാ രംഗത്തും ഇടപെടലുകൾ നടത്തി. ഈ സർക്കാരിന്റെ കാലത്ത് കാൻസർ മരുന്നുകൾക്ക് മൂന്നിരട്ടി തുകയാണ് അനുവദിച്ചത്.



വിശ്വഹിന്ദു പരിഷത്തിന്റെ സ്വാമി വിവേകാന്ദ കൾച്ചറൽ സൊസൈറ്റിയുടെ കീഴിലുള്ള മലപ്പുറം വണ്ടൂരിലെ വേദഗായത്രി ബാലികാ സദനത്തിലെ അന്തേവാസി രേഷ്മയും മേലാറ്റൂർ സ്വദേശി മനു മാധവും തമ്മിലുള്ള വിവാഹം വിഎച്ച്പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പിയുടെ സാന്നിധ്യത്തിൽ ഗുരുവായൂരിൽ നടന്നപ്പോൾ.

# മനുവിന്റെ കൈപിടിച്ച് രേഷ്മ പുതിയ ജീവിതത്തിലേക്ക്

**കൊച്ചി:** മനുവിന്റെ കൈപിടിച്ച് രേഷ്മ പുതിയ ജീവിതത്തിലേക്ക് പ്രവേശിച്ചു. വിശ്വഹിന്ദു പരിഷത്തിന്റെ സ്വാമി വിവേകാനന്ദ കൾച്ചറൽ സൊസൈറ്റിയുടെ കീഴിലുള്ള മലപ്പുറം വണ്ടൂരിലെ വേദഗായത്രി ബാലികാ സദനത്തിലെ അന്തേവാസിയാണ് രേഷ്മ. മൂന്നാം ക്ലാസുമുതൽ രേഷ്മ വേദഗായത്രിയിൽ നിന്നാണ് പഠിച്ചതും വളർന്നതും. മേലാറ്റൂർ സ്വദേശി മനു മാധവ് ഹൈദരാബാദിലെ സർക്കാർ ആയുർവ്വേദ ആശുപത്രിയിലെ തെറാപ്പിസ്റ്റാണ്. മനുവും അദ്ദേഹത്തിന്റെ കുടുംബവും മുൻകൈ എടുത്താണ് വിവാഹം നടത്തിയത്. രേഷ്മയെ കണ്ട് ഇഷ്ടപ്പെട്ടതിനെ തുടർന്നാണ് വിവാഹം ആലോചിച്ച് മനുവിന്റെ മാതാപിതാക്കൾ എത്തിയത്. തുടർന്ന് രേഷ്മയ്ക്കും സമ്മതമായതോടെ വിവാഹം നിശ്ചയിക്കുകയായിരുന്നു. ഗുരുവായൂർ ക്ഷേത്രത്തിൽ ശനിയാഴ്ച പുലർച്ചെ അഞ്ചു മണിക്ക് അടുത്ത ബന്ധുക്കളുടെയും വിഎച്ച്പി നേതാക്കളുടെയും സുഹൃത്തുക്കളുടെയും സാന്നിധ്യത്തിൽ മനുവും രേഷ്മയും വരണമാല്യം ചാർത്തി. വിഎച്ച്പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പി രേഷ്മയുടെ കൈപിടിച്ച് മനുവിന് നൽകി. വിഎച്ച്പി സംസ്ഥാന ട്രഷറർ വി.ശ്രീകുമാർ, ജി.സി അംഗം ഗിരീഷ് രാജൻ, മാതൃസമിതി സംയോജിക റോഷിനി എന്നിവരും ചടങ്ങിൽ പങ്കെടുത്തു.



കാട്ടുങ്കൽ ക്ഷേത്രം ട്രസ്റ്റ് ശ്രീകൃഷ്ണ ജയന്തിയോടനുബന്ധിച്ച് ഉണ്ണിയൂട്ടിന്റെ സ്മരണാർത്ഥം നൽകി വരുന്ന അന്ന ശ്രേഷ്ഠ പുരസ്ക്കാരം ടി. ആർ ദേവന് എഴിക്കോട് ശശി നമ്പൂതിരി സമ്മാനിക്കുന്നു

# ടി ആർ ദേവന് അന്ന ശ്രേഷ്ഠ പുരസ്ക്കാരം

**എളങ്കുന്നപ്പുഴ** :കാട്ടുങ്കൽ ക്ഷേത്രം ട്രസ്റ്റ് ശ്രീകൃഷ്ണ ജയന്തിയോടനുബന്ധിച്ച് ഉണ്ണിയൂട്ടിന്റെ സ്മരണാർത്ഥം നൽകി വരുന്ന അഞ്ചാമത് അന്ന ശ്രേഷ്ഠ പുരസ്ക്കാരം ഫേസ് ഫൗണ്ടേഷൻ പ്രസിഡന്റ് ടി. ആർ ദേവന്. ശ്രീകൃഷ്ണ ജയന്തിയോടനുബന്ധിച്ച് കാട്ടുങ്കൽ ക്ഷേത്രത്തിൽ വെച്ച് നടന്ന ഉണ്ണിയൂട്ട് ചടങ്ങിൽ ഗുരുവായൂർ മേൽശാന്തി ആയിരുന്ന എഴിക്കോട് ശശി നമ്പൂതിരി അവാർഡ് സമർപ്പിച്ചു, ക്ഷേത്രം മേൽശാന്തി ഓംകാരം ശാന്തി അവാർഡ് ജേതാവിനെ ആദരിച്ചു. ക്ഷേത്ര ക്ഷേമ സമിതി സെക്രട്ടറി നന്ദകുമാർ അദ്ധ്യക്ഷത വഹിച്ചു. വിശ്വഹിന്ദു പരിഷത്ത് മുൻ വർക്കിംഗ് പ്രസിഡന്റ് എൻ.ബി വിജയകുമാർ മുഖ്യാഥിതി ആയിരുന്നു. ഞാറക്കൽ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ടിറ്റോ ആന്റണി മുഖ്യപ്രഭാഷണം നടത്തി.

# കാസ്പ് പദ്ധതിയിൽ വ്യാജമായി പേര് ചേർക്കുന്നവർക്കെതിരെ കർശന നടപടി: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ്) വ്യാജമായി പേര് ചേർക്കുന്നവർക്കെതിരെയും വ്യാജ കാർഡുണ്ടാക്കി വിതരണം നടത്തുന്നവർക്കെതിരേയും കർശന നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇത്തരം കാർഡുകൾ ഉപയോഗിച്ചാൽ ചികിത്സാ ആനുകൂല്യം ലഭ്യമാകുന്നതല്ല.

സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയാണ് കാസ്പ്. പദ്ധതിയിൽ അംഗങ്ങളായ 581 സർക്കാർ, സ്വകാര്യ ആശുപത്രികളിലൂടെയാണ് സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നത്. ഇത്തരത്തിൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സജ്ജമാക്കിയിട്ടുള്ള കാസ്പ് കിയോസ്ക്കുകൾ മുഖേന മാത്രമാണ് പദ്ധതിയുടെ അനുബന്ധ സേവനങ്ങൾ ലഭ്യമാകുന്നത്. എന്നാൽ അനധികൃതമായി പ്രാദേശികമായി സംഘടിപ്പിക്കുന്ന ക്യാമ്പുകൾ മുഖേന പുതിയ അംഗങ്ങളെ ചേർക്കുന്നുവെന്നും, കാർഡ് പുതുക്കി നൽകുന്നുവെന്നും, തെറ്റായ സന്ദേശം പ്രചരിപ്പിച്ച് വ്യാജ കാർഡ് പ്രിന്റ് ചെയ്ത് നൽകി പണം കൈപ്പറ്റുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ കാർഡുകൾ പ്രിന്റ് ചെയ്തു നൽകുന്നത് നിയമവിരുദ്ധമാണെന്നും മന്ത്രി വ്യക്തമാക്കി.

പദ്ധതിയിൽ ഗുണഭോക്താക്കളെ പുതുതായി ഉൾപെടുത്താനോ കാർഡ് പ്രിന്റ് ചെയ്ത് നൽകാനോ പദ്ധതി നടത്തിപ്പ് ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയോ സർക്കാരോ മറ്റാരേയും ചുമതലപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ സർക്കാരിന്റെ അനുമതിയില്ലാതെ ഇത്തരം ഏജൻസികൾ നടത്തുന്ന നിയമവിരുദ്ധമായ എന്റോൾമെന്റ് ക്യാമ്പുകളിൽ പങ്കെടുക്കരുത്. ഇത്തരത്തിൽ പണം നൽകി കാർഡ് പ്രിന്റ് ചെയ്ത് വഞ്ചിക്കപ്പെടാതിരിക്കാൻ പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

# ഐ സി എ ആർ സിഫ്ട് ഒക്കൽ ഫാം ഫെസ്റ്റിൽ കർഷക സംഗമം സംഘടിപ്പിച്ചു

**കൊച്ചി:** ഒക്കൽ സ്വച്ഛതാ ആക്ഷൻ പ്ലാനിന്റെ കീഴിലായി കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റും സ്റ്റേറ്റ് സീഡ് ഫാമും ചേർന്ന് ഒക്കൽ ഫാം ഫെസ്റ്റിൽ കർഷക സംഗമം സംഘടിപ്പിച്ചു. കൃഷിയിലെ സുസ്ഥിരമായ രീതികളും നൂതനമായ ആശയങ്ങളും ചർച്ച ചെയ്യാൻ കർഷകരെയും ശാസ്ത്രജ്ഞരെയും കാർഷിക വിദഗ്ദരേയും ഒരുമിച്ച് കൊണ്ടുവരുക എന്നതാണ് സംഗമത്തിന്റെ ലക്ഷ്യം. കർഷകസംഗമത്തിന്റെ ഉദ്ഘാടനം കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ തോമസ് സാമുവൽ നിർവഹിച്ചു .

മൽസ്യ മേഖലയിൽ സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിനുള്ള സിഫ്റ്റിന്റെ നിരന്തരമായ ശ്രമങ്ങളെ കുറിച്ചും സ്വച്ഛതാ ആക്ഷൻ പ്ലാനിന് (എസ് എ പി) കീഴിലുള്ള സിഫ്റ്റിലെ സംരംഭങ്ങളെ കുറിച്ചും സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റും എസ്എപി നോഡൽ ഓഫീസറുമായ ഡോ. ഗീതാലക്ഷ്മി വി സംസാരിച്ചു. മത്സ്യമാർക്കറ്റിലെ മാലിന്യം കാർഷിക ഉൽപന്നങ്ങളാക്കി മാറ്റുന്നതിനെക്കുറിച്ചുള്ള ഉൽപ്പാദന പ്രക്രിയയുടെ വിശദാംശങ്ങൾ സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. ബിൻസി പി. കെ, ഡോ. മുത്തുലക്ഷ്മി ടി., എന്നിവർ അവതരിപ്പിച്ചു. കുറുപ്പംപടിയിലെ പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം മേധാവി ഡോ. ലീന പോൾ, റിട്ടയേർഡ് കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജോണി ജോസ് എന്നിവരും സംസാരിച്ചു. തുടർന്ന് സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എ.എ സൈനുദ്ധീനും മറ്റ് ശാസ്ത്രജ്ഞരും കർഷകരുമായി ചർച്ച നടത്തുകയും സംശയങ്ങൾക്ക് ഉത്തരം നൽകുകയും സിഫ്റ്റിലെ സാങ്കേതികവിദ്യകളെ കുറിച്ച് കർഷകർക്ക് വിദഗ്ധ മാർഗനിർദേശവും നൽകി.

കൃഷി വകുപ്പ് സീനിയർ അഗ്രികൾച്ചർ ഓഫീസർ ജി. ഫിലിപ്പ്, കൃഷി വകുപ്പ ഡെപ്യൂട്ടി ഡയറക്ടർ ഇന്ദു പി നായർ, സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ ഇളവരശൻ കെ, ഡോ ജയകുമാരി എന്നിവർ സംസാരിച്ചു. ഒക്കൽ ഫാം ഫെസ്റ്റ് 2024 ന്റെ ഭാഗമായി, മൽസ്യസംസ്കരണ വ്യവസായത്തിലെ സാങ്കേതിക പുരോഗതി കാണിക്കുന്ന പ്രദർശനവും സിഫ്ട് ഫെസ്റ്റിൽ ഒരുക്കിയിട്ടുണ്ട്.

# ജിയോജിത് കുസാറ്റ് സെന്റർ ഓഫ് സസ്റ്റൈനബിലിറ്റി സ്റ്റഡീസ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ജിയോജിത് സ്പോൺസർ ചെയ്ത സുസ്ഥിരതാ മികവിൻറെ കേന്ദ്രമായ ജിയോജിത് കുസാറ്റ് സെന്റർ ഓഫ് സസ്റ്റൈനബിലിറ്റി സ്റ്റഡീസ് ചൊവ്വാഴ്ച (സെപ്റ്റംബർ 3, 2024) മന്ത്രി. ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്യും. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് ഐഎഎസ് വിശിഷ്ടാതിഥിയും കെഎസ്ഐഡിസി എംഡി എസ് ഹരികിഷോർ ഐഎഎസ് പ്രത്യേക പ്രഭാഷണം നടത്തുകയും ചെയ്യും. രാവിലെ 9.30ന് കുസാറ്റ് സ്റ്റുഡൻറ്സ് അമിനിറ്റി സെന്ററിലാണ് ഉദ്ഘാടന ചടങ്ങ്.

കേരളത്തിലെ ഏറ്റവും വലിയ വ്യവസായഅക്കാദമിക പങ്കാളിത്തങ്ങളിലൊന്നായ ഈ സെന്റർ ജിയോജിത് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ സിഎസ്ആർ സംരംഭത്തിന്റെ ഭാഗമായാണ് ആരംഭിക്കുന്നത്. ഗവേഷണം, അക്കാദമിക്സ്, കൺസൾട്ടിംഗ്, കപ്പാസിറ്റി ബിൽഡിംഗ്, ഇന്നൊവേഷൻ, സർട്ടിഫിക്കേഷൻ എന്നിങ്ങനെ ആറ് മേഖലകൾ കേന്ദ്രീകരിച്ചാണ് ഇതിന്റെ പ്രവർത്തനം. മികച്ച ഗവേഷണ ഫലങ്ങൾ, അക്കാദമിക മികവ്, സാങ്കേതിക മുന്നേറ്റം എന്നിവ സൃഷ്ടിക്കുകയും ഉന്നത നിലവാരമുള്ള ശാസ്ത്രജ്ഞരെയും സംരംഭകരെയും വാർത്തെടുക്കുകായും ചെയ്യുന്ന ഒരു സ്വയംഭരണകേന്ദ്രമാകാനാണ് സെന്റർ ലക്ഷ്യമിടുന്നത്.

പരിസ്ഥിതി, സാമൂഹിക, ഭരണ മേഖലകൾക്ക് ഊന്നൽ നൽകുന്ന സർക്കാരുകൾക്കും കോർപ്പറേഷനുകൾക്കും വിവിധ വിഷയങ്ങളിലുള്ള കുസാറ്റിൻറെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തി ഗവൺമെൻറ്, കോർപ്പറേറ്റ് തലങ്ങളിൽ ഈ മേഖലകളിലെ നയങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയെ സഹായിക്കുന്ന ഗവേഷണമാണ് ജി.സി.സി.ഒ.എസ്.എസിൽ നടക്കുക.



സീനിയർ ജേണലിസ്റ്റ്സ് ഫോറം ജില്ലാ സമ്മേളനം സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രതിനിധി പ്രൊഫ. കെ വി തോമസ് ഉദ്ഘാടനം ചെയ്യുന്നു. ഫോറം ജില്ലാ സെക്രട്ടറി പി ഒ തങ്കച്ചൻ, സംസ്ഥാന ജനറൽ സെകട്ടറി കെ പി വിജയകുമാർ, ജില്ലാ പ്രസിഡന്റ് ഇഗ്നേഷ്യസ് ഗൊൺസാൽവസ്, ഫോറം സംസ്ഥാന പ്രസിഡന്റ് എ മാധവൻ, വൈസ് പ്രസിഡന്റ് കെ ജി മത്തായി എന്നിവർ സമീപം

# മാധ്യമ പ്രവർത്തകരെ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തണം: സീനിയർ ജേണലിസ്റ്റ്സ് ഫോറം

**കൊച്ചി:** വിരമിച്ചവരും സർവീസിൽ തുടരുന്നവരുമായ മാധ്യമ പ്രവർത്തകരെ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും പകുതി പെൻഷൻ വാങ്ങുന്ന മുതിർന്ന പത്രപ്രവർത്തകർക്ക് പൂർണ പെൻഷൻ അനുവദിക്കണമെന്നും സീനിയർ ജേണലിസ്റ്റ്സ് ഫോറം ജില്ലാ കമ്മിറ്റി സർക്കാരിനോടാവശ്യപ്പെട്ടു.

മുതിർന്ന പത്രപ്രവർത്തകരുടെ സേവനങ്ങൾ സമൂഹം വിസ്മരിക്കരുതെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത പ്രൊഫ. കെ വി തോമസ് അഭിപ്രായപ്പെട്ടു.

പുരസ്കാരങ്ങൾ നേടിയ എ എൻ രവീന്ദ്രദാസ്( എൻ വി പൈലി അവാർഡ്), പി എ കുര്യാക്കോസ്( ചാലക്കുടി പ്രസ് ഫോറത്തിന്റെ സമഗ്ര സംഭാവനയ്ക്കുള്ള അവാർഡ്), ജോഷി ജോർജ്( ടി എം ചുമ്മാർ ഭാഷാ മിത്ര പുരസ്കാരം) എന്നിവരെ പ്രൊഫ. തോമസ് പൊന്നാട അണിയിച്ചു.

ഫോറം ജില്ലാ പ്രസിഡന്റ് ഇഗ്നേഷ്യസ് ഗൊൺസാൽവസ് അദ്ധ്യക്ഷത വഹിച്ചു. ഫോറം സംസ്ഥാന പ്രസിഡന്റ് എ മാധവൻ, ജനറൽ സെക്രട്ടറി കെ പി വിജയകുമാർ, വൈസ് പ്രസിഡന്റ് കെ ജി മത്തായി, ജില്ലാ സെക്രട്ടറി പി ഒ തങ്കച്ചൻ, ആർ എം ദത്തൻ, എം രാജശേഖര പണിക്കർ, പി എ കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു.



# യുഎസ്ടി ഗ്ലോബൽ മാരത്തോൺ: പ്രൊമോ റൺ ഇൻഫോപാർക്കിൽ നടത്തി

**കൊച്ചി:** കേരളത്തിലെ പ്രമുഖ ഐടി കമ്പനിയായ യുഎസ്ടി ഗ്ലോബലിൻറെ 25ാം വാർഷികത്തോടനുബന്ധിച്ച് ഒക്ടോബറിൽ തിരുവനന്തപുരത്ത് നടക്കുന്ന മാരത്തോണിൻറെ മുന്നോടിയായി കൊച്ചി ഇൻഫോപാർക്കിൽ പ്രൊമോ റൺ നടത്തി. ആയിരത്തോളം പേരാണ് രണ്ട് മണിക്കൂർ നീണ്ടു നിന്ന മാരത്തോണിൽ പങ്കെടുത്തത്.ഇൻഫോപാർക്കിലെ സൻസ്ക്കാര സ്കൂൾ അങ്കണത്തിൽ നിന്നും അഞ്ച് കി.മി നീളമുള്ള ആവർത്തന(ലൂപ്പ്) ട്രാക്കാണ് പ്രൊമോ മാരത്തോണിനായി ഒരുക്കിയത്. രാവിലെ ആറരയ്ക്ക് മാരത്തോൺ ആരംഭിച്ചു.ഇൻഫോപാർക്ക് അഡ്മിനിസ്ട്രേഷൻ മാനേജർ റെജി കെ തോമസ്, തൃക്കാക്കര അസി. പോലീസ് കമ്മീഷണൽ ബേബി പി വി, യുഎസ്ടി ഗ്ലോബൽ കൊച്ചി സെൻറർ ഹെഡ് സുനിൽ ബാലകൃഷ്ണൻ തുടങ്ങിയവർ ചേർന്ന് മാരത്തോൺ ഫ്ളാഗ് ഓഫ് ചെയ്തു.



അമൃത വിശ്വവിദ്യാപീഠം കൊച്ചി ബ്രഹ്മസ്ഥാനം ക്യാമ്പസിൽ നടന്ന 26ാമത് ബിരുദദാന ചടങ്ങിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എം.ഡി ലോക്നാഥ് ബെഹ്റ വിദ്യാർത്ഥിക്ക് സർട്ടിഫിക്കറ്റ് സമ്മാനിക്കുന്നു. സ്വാമി പൂർണാമൃതാനന്ദപുരി സമീപം.

### അമൃത വിശ്വ വിദ്യാപീഠത്തിൽ ബിരുദദാന ചടങ്ങ് നടത്തി

# അറിവുകൾ സമൂഹത്തിന് ഉപയോഗപ്പെടുമ്പോൾ വിദ്യാഭ്യാസം അർത്ഥവത്താകുന്നു; ലോക്നാഥ് ബെഹ്റ

**കൊച്ചി:** ഓരോരുത്തരും അവരുടെ അറിവും കഴിവും പ്രതിഭയും സമൂഹനൻമയ്ക്കായി ഉപയോഗപ്പെടുത്തുമ്പോഴാണ് വിദ്യാഭ്യാസം ശരിക്കും അർത്ഥവത്താകുന്നതെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ലോക്നാഥ് ബെഹ്റ പറഞ്ഞു. അമൃത വിശ്വവിദ്യാപീഠം കൊച്ചി ബ്രഹ്മസ്ഥാനം ക്യാമ്പസിൽ 26ാമത് ബിരുദദാനച്ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്തിന്റെ പ്രതീക്ഷ വിദ്യാർത്ഥികളിൽ അർപ്പിതമാണെന്ന് ചടങ്ങിൽ വീഡിയോ സന്ദേശത്തിൽ മാതാ അമൃതാനന്ദമയി ദേവി പറഞ്ഞു. പഠിച്ച കാര്യങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടു വരാനുള്ള അമൂല്യമായ അവസരങ്ങൾ ആരും കാണാതെ പോകരുത്. സ്വന്തം ആവശ്യങ്ങളെക്കുറിച്ച് മാത്രം ചിന്തിക്കാതെ ലോക നൻമയ്ക്കായി നമുക്ക് എന്തു ചെയ്യാൻ കഴിയും എന്നു കൂടി ചിന്തിക്കണമെന്നും അമൃത വിശ്വവിദ്യാപീഠം ചാൻസലർ കൂടിയായ മാതാ അമൃതാനന്ദമയി ദേവി വിദ്യാർത്ഥികളോട് പറഞ്ഞു.

കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി. അശോക് ചടങ്ങിൽ മുഖ്യാതിഥിയായി. ജോലി തേടി അലയേണ്ട ഒരു ലോകത്തല്ല നമ്മൾ ഇന്നുള്ളതെന്നും കഴിവുണ്ടെങ്കിൽ ജോലി നമ്മുടെ മുന്നിലെത്തുമെന്നും ബി. അശോക് പറഞ്ഞു. മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി അനുഗ്രഹ പ്രഭാഷണം നടത്തി. അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസ് ഡയറക്ടറും ഡീനുമായ ഡോ. യു. കൃഷ്ണകുമാർ, സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് മോളിക്യുലാർ മെഡിസിൻ ഡീൻ ഡോ. ശാന്തികുമാർ നായർ, യൂണിവേഴ്സിറ്റി പരീക്ഷ കൺട്രോളർ ഡോ. ആർ. ദണ്ഡപാണി , കെ. ശ്രീകുമാർ, ഡോ. പി. ബാലസുബ്രഹ്മണ്യൻ, ഡോ. കെ.ആർ. ഷാബു തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. 450 വിദ്യാർത്ഥികൾ വിവിധ വിഷയങ്ങളിലായി ബിരുദം, ബിരുദാനന്തര ബിരുദ, പി.എച്ച്.ഡി. സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി.

# സീറോമലബാർസഭ സിനഡൽ കമ്മീഷനുകൾ പുനഃസംഘടിപ്പിച്ചു

**കൊച്ചി:** സീറോമലബാർസഭയുടെ വിവിധ സിനഡൽ കമ്മീഷനുകൾ പുനഃസംഘടിപ്പിച്ചു: സിനഡൽ ട്രൈബ്യൂണൽ പ്രസിഡണ്ടായി കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് ഒ.എസ്.ബി. യെയും ജഡ്ജിമാരായി താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ എന്നിവരെയും സിനഡ് തെരഞ്ഞെടുത്തു.മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി സിനഡൽ കമ്മീഷൻ ചെയർമാനായി തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിലിനേയും അംഗങ്ങളായി പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ എന്നിവരെയും തെരഞ്ഞെടുത്തു.

വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി സിനഡൽ കമ്മീഷൻ ചെയർമാനായി ചങ്ങനാശ്ശേരി അതിരൂപതയുടെ നിയുക്ത മെത്രാപോലിത്ത മാർ തോമസ് തറയിലിനേയും അംഗങ്ങളായി കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ എന്നിവരെയും തെരഞ്ഞെടുത്തു.

സത്നാ സെന്റ് എഫ്രേംസ് തിയളോജിക്കൽ കോളേജിന്റെ സിനഡൽ കമ്മീഷൻ അംഗമായിരുന്ന മാർ റാഫേൽ തട്ടിൽ നു പകരം ഗോരഖ്പൂർ രൂപതാധ്യക്ഷൻ മാർ മാത്യു നെല്ലിക്കുന്നേൽ സി.എസ്.ടി. യെ തെരഞ്ഞെടുത്തു.

വിശ്വാസപരിശീലന കമ്മീഷൻ ചെയർമാനായി കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കലിനേയും കമ്മീഷൻ അംഗങ്ങളായി രാമനാഥപുരം രൂപതാധ്യക്ഷൻ മാർ പോൾ ആലപ്പാട്ട്, ഷംഷാബാദ് രൂപതയുടെ നിയുക്ത മെത്രാൻ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ എന്നിവരെയും നിയമിച്ചു. വൈദീകർക്കുവേണ്ടിയുള്ള കമ്മീഷൻ ചെയർമാനായി തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിലിനേയും കമ്മീഷൻ അംഗങ്ങളായി മാനന്തവാടി രൂപതാ സഹായമെത്രാൻ മാർ അലക്സ് താരാമംഗലം, സാഗർ രൂപതാധ്യക്ഷൻ മാർ ജെയിംസ് അത്തിക്കളം എം.എസ്.ടി. എന്നിവരെയും നിയമിച്ചു.

സഭാ പ്രബോധനങ്ങൾക്കുവേണ്ടിയുള്ള കമ്മീഷൻ ചെയർമാനായി തലശ്ശേരി അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനിയെയും കമ്മീഷൻ അംഗങ്ങളായി മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം, ഷംഷാബാദ് രൂപതാ സഹായമെത്രാൻ മാർ തോമസ് പാടിയത്ത് എന്നിവരെയും നിയമിച്ചു.

സഭൈക്യത്തിനുവേണ്ടിയുള്ള കമ്മീഷൻ ചെയർമാനായി പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിനെയും കമ്മീഷൻ അംഗങ്ങളായി കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് ഒ.എസ്.ബി., തക്കല രൂപതാധ്യക്ഷൻ മാർ ജോർജ് രാജേന്ദ്രൻ എസ്.ഡി.ബി. എന്നിവരെയും നിയമിച്ചു.

# ഓണം യാത്രാ ബുക്കിങ്ങിൽ 76 ശതമാനം വർധനയെന്ന് റെഡ്ബസ്

**കൊച്ചി:** സെപ്റ്റംബർ 6 മുതൽ സെപ്റ്റംബർ 15 വരെ 9 ദിവസം നീണ്ടുനിൽക്കുന്ന ഓണാവധിക്കുള്ള ബസ് ടിക്കറ്റ് ബുക്കിംഗിൽ അഭൂതപൂർവമായ കുതിച്ചുചാട്ടം പ്രവചിച്ച് ബസ് ടിക്കറ്റിംഗ് പ്ലാറ്റ്ഫോമായ റെഡ്ബസ്. ഓഗസ്റ്റ് 27 മുതൽ സെപ്റ്റംബർ 5 വരെയുള്ള 10 ദിവസങ്ങളെ അപേക്ഷിച്ച് ഓണക്കാലത്തെ ബുക്കിംഗിൽ 76% വർധനവുണ്ടായതായി റെഡ്ബസ് നിരീക്ഷിച്ചു. അവസാന ദിവസമായ സെപ്റ്റംബർ 15 ന് ഓണക്കാലത്തെ പരമാവധി ബസ് ബുക്കിംഗുകൾ പ്രതീക്ഷിക്കുന്നതായും ഡാറ്റ വെളിപ്പെടുത്തുന്നു. ആഘോഷങ്ങൾക്ക് ശേഷം ജോലിയിലേക്ക് മടങ്ങുന്ന യാത്രക്കാരുടെ ഉയർന്ന അളവാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.റൂട്ട് ബുക്കിംഗിൽ കഴിഞ്ഞ വർഷത്തെ സമാന പാറ്റേണുകൾ റെഡ്ബസ് പ്രതീക്ഷിക്കുന്നു. എറണാകുളം -ചെന്നൈ, എറണാകുളം-കോയമ്പത്തൂർ, തിരുവനന്തപുരം-ബാംഗ്ലൂർ, തൃശൂർ-ബാംഗ്ലൂർ, കോഴിക്കോട്-ബാംഗ്ലൂർ, കണ്ണൂർ - ബാംഗ്ലൂർ, തിരുവനന്തപുരം-ചെന്നൈ, കോഴിക്കോട്-തിരുവനന്തപുരം, തിരുവനന്തപുരം-കോഴിക്കോട്, പാലക്കാട് -ബാംഗ്ലൂർ തുടങ്ങിയവയായിരുന്നു കഴിഞ്ഞ വർഷം ഓണക്കാലത്ത് (2023 ഓഗസ്റ്റ് 18 30) റെഡ് ബസ് പ്ലാറ്റ്ഫോമിൽ ഏറ്റവും കൂടുതൽ ബസ് ബുക്കിംഗ് നടന്ന റൂട്ടുകൾ. അതുപോലെ, 2023 ലെ കഴിഞ്ഞ ഓണത്തിന് ഏറ്റവും കൂടുതൽ ട്രാക്ഷൻ കണ്ട ബോർഡിംഗ് പോയിന്റുകൾ വൈറ്റില, കെഎസ്ആർടിസി ബസ് സ്റ്റാൻഡ്, ഇടപ്പള്ളി, പാലാരിവട്ടം എന്നിവയായിരുന്നു. ഈ ഓണത്തിനും ഈ മാതൃക കൃത്യമായി പിന്തുടരുമെന്നാണ് പ്രതീക്ഷയെന്ന് റെഡ്ബസ് അധികൃതർ പറഞ്ഞു.

# നിർമലയിൽ ഫസ്റ്റ് എയിഡ് ട്രെയിനിങ്ങ്

**മൂവാറ്റുപുഴ:** നിർമല കോളേജിലെ സുവോളജി വിഭാഗത്തിന്റെയും വിമൻസ് സെല്ലിന്റെയും സംയുക്താഭിമുഖ്യത്തിൽ ആസ്റ്റർ മെഡിസിറ്റിയുമായി ചേർന്ന് വിദ്യാർത്ഥികൾക്ക് പ്രാഥമിക ശുശ്രൂഷ പരിശീലനം നൽകി. ആസ്റ്റർ മെഡിസിറ്റിയിലെ എമർജൻസി വിഭാഗത്തിലെ ഡോക്ടർ നൊറിനും ടീം അംഗങ്ങളുമാണ് വിദ്യാർഥികൾക്ക് പരിശീലനം നൽകിയത്. ട്രെയിനിങ്ങിൽ വിദ്യാർഥികൾക്ക് വിവിധ അടിയന്തര സാഹചര്യങ്ങൾ എങ്ങനെ നേരിടണം എന്ന് വ്യക്തമാക്കികൊടുക്കുന്ന തരത്തിലായിരുന്നു പരിശീലനം സംഘടിപ്പിച്ചത്.

# കെഎംഎ ഇൻസ്പെയർ സീരീസ് പ്രഭാഷണം നടത്തി

**കൊച്ചി:** കേരള മാനേജ്മെൻറ് അസോസിയേഷൻ (കെഎംഎ) ഇൻസ്പെയർ സീരീസ് പ്രഭാഷണപരമ്പരയുടെ ഭാഗമായി ലീഡർഷിപ്പ് ആൻഡ് ദി ആർട്ട് ഓഫ് കമ്മ്യൂണിക്കേഷൻ എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു. ആസ്റ്റർ മെഡ്സിറ്റി സീനിയർ കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ് ഡോ. മാത്യു എബ്രഹാം മുഖ്യാതിഥിയായിരുന്നു. മികച്ച ആശയവിനിമയവും മറ്റുള്ളവരെ മനസിലാക്കാനും പ്രോത്സാഹിപ്പിക്കാനും അറിവുകൾ നേടാനുള്ള കഴിവും നേതൃഗുണത്തിന്റെ അവിഭാജ്യ ഘടകങ്ങളാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സ്വന്തം മേഖലയെ കുറിച്ച് വ്യക്തമായ അറിവ് ഉണ്ടെങ്കിൽ മാത്രമേ നേതൃപരമായ പങ്ക് വഹിക്കാൻ കഴിയൂ. രണ്ടാം ലോക മഹായുദ്ധത്തിൽ ഹരി ട്രൂമാൻ എടുത്ത തീരുമാനങ്ങൾ ചടുലവും ധീരവുമായ നേതൃത്വം എങ്ങനെയായിരിക്കണം എന്നതിന് ഉദാഹരണമാണ്. ഒരു മികച്ച നേതാവിനു മികച്ച ആശയവിനിമയ ശേഷിയും ഉണ്ടായിരിക്കണം. നേതൃപരമായ പങ്ക് വഹിക്കുന്നയാൾ തന്നെക്കാൾ കഴിവുള്ളവരെ ടീമിൽ ഒപ്പം ചേർക്കണം.




ടാറ്റ ഗ്രൂപ്പിന്റെ വിജയം ഇതിനുദാഹരണമാണ്. രത്തൻ ടാറ്റായുടെ ജീവിതവിജയം മാനേജ്മെൻറ് നേതൃഗുണത്തിനു ഉത്തമ ഉദാഹരണമാണ്.

നമ്മളെക്കാൾ മികച്ചവരെ നമ്മോടൊപ്പം ചേർക്കുന്നതാണ് യഥാർഥ നേതൃഗുണം. അവസരങ്ങൾ ഉപയഗപ്പെടുത്താൻ ഇപ്പോഴും തയാറായിരിക്കണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി.

കെ എം എ വൈസ് പ്രസിഡൻറ് അൾജിയേഴ്സ് ഖാലിദ് അധ്യക്ഷത വഹിച്ചു. ടോം പി ജോസഫ് സ്വാഗതവും ഓണററി ജോ.സെക്രട്ടറി അനിൽ വർമ്മ നന്ദിയും പറഞ്ഞു.

# യാത്രക്കാർക്കായി പ്രീപെയ്ഡ് കാർഡ് അടക്കമുള്ള സംവിധാനങ്ങളുമായി എസ്ബിഐ

**കൊച്ചി:** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ രാജ്യവ്യാപകമായി യാത്രക്കാർക്കായി എംടിഎസ് റുപെ എൻസിഎംസി പ്രീപെയ്ഡ് കാർഡ് അടക്കമുള്ള സംവിധാനങ്ങൾ അവതരിപ്പിച്ചു. എൻസിഎംസി സൗകര്യമുള്ള രാജ്യത്തെ മെട്രോ, ബസ്, ഫെറി, ടോൾ, പാർക്കിങ് അടക്കം എല്ലാ യാത്രാ സംവിധാനങ്ങളിലും ഉപയോഗിക്കാനാവുന്നതാണ് ആദ്യമായി അവതരിപ്പിക്കുന്ന ദേശിയ എംടിഎസ് കാർഡ്. എസ്ബിഐയുടെ എൻസിഎംസി പ്രീപെയ്ഡ് കാർഡുകൾ കൈകാര്യം ചെയ്യുന്നത് എളുപ്പമാക്കാൻ വേണ്ടിയാണ് വൺ വ്യൂ മൊബൈൽ ആപ്ലിക്കേഷൻ അവതിപ്പിച്ചിരിക്കുന്നത്. ടോപ്പ് അപ്പ്, ട്രാക്കിങ്, കാർഡുകൾ ഒരു പ്ലാറ്റ്ഫോമിൽ കൈകാര്യം ചെയ്യൽ എന്നിവ ഇതിലൂടെ സാധ്യമാകും.എസ്ബിഐ ഫാസ്ടാഗിൻറെ പുതിയ ഡിസൈനാണ് ഇതോടൊപ്പം അവതരിപ്പിച്ചിട്ടുള്ള മറ്റൊന്ന്. ആദ്യത്തെ ദേശീയ എംടിഎസ് കാർഡ്, വൺ വ്യൂ മൊബൈൽ ആപ്ലിക്കേഷൻ, പുതിയ ഡിസൈനിലുള്ള എസ്ബിഐ ഫാസ്ടാഗ് എന്നിവ അവതരിപ്പിച്ചത് ഡിജിറ്റൽ പെയ്മെൻറ് രംഗത്തെ എസ്ബിഐയുടെ മുൻനിര സ്ഥാനമാണ് ഉയർത്തിക്കാട്ടുന്നതെന്ന് എസ്ബിഐ ചെയർമാൻ ചല്ല ശ്രീനിവാസുലു സെട്ടി പറഞ്ഞു.

# ഭക്ഷ്യസംസ്കരണ വ്യവസായത്തിന് കേരളത്തിൽ അനുകൂലമായ ആവാസ വ്യവസ്ഥ

**കൊച്ചി:** സമൃദ്ധമായ കാർഷിക വിഭവങ്ങൾ, നൈപുണ്യമുള്ള തൊഴിലാളികൾ, മികച്ച സാംസ്കാരിക പശ്ചാത്തലം എന്നിവയാൽ സമ്പന്നമായ കേരളത്തിൽ ഭക്ഷ്യ സംസ്കരണ വ്യവസായത്തിന് ഏറ്റവും അനുയോജ്യ ആവാസ വ്യവസ്ഥയാണുള്ളതെന്ന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷൻറെ (കെഎസ്ഐഡിസി) പഠനം.

ആഭ്യന്തരവും ആഗോളവുമായ വ്യവസായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിലൂടെ ഈ മേഖലയിലെ നിക്ഷേപ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്ന് റിപ്പോർട്ട് പറയുന്നു. മികച്ച ഗുണമേന്മയുള്ള മൂല്യവർദ്ധന ഉത്പന്നങ്ങളുടെ കയറ്റുമതി, തൊഴിലവസരം സൃഷ്ടിക്കൽ എന്നിവയിൽ ധാരാളം സാധ്യതകളുള്ള ഭക്ഷ്യ സംസ്കരണ രംഗത്തെ മുൻഗണനാ മേഖലയായി സംസ്ഥാന സർക്കാർ കണക്കാക്കിയിട്ടുണ്ട്.രാജ്യത്തിനകത്തും പുറത്തുമുള്ള ഭക്ഷ്യസംസ്കരണ സംരംഭങ്ങൾക്ക് കേരളം അനുയോജ്യ സ്ഥലമാണ്. നവീന സാങ്കേതിക വിദ്യ, സുസ്ഥിര മാർഗങ്ങൾ, മൂല്യവർദ്ധന എന്നിവയിലൂടെ ഈ രംഗത്ത് ദീർഘകാല വളർച്ച സാധ്യമാണെന്നും പഠനം പറയുന്നു.മേഖലയ്ക്ക് കൂടുതൽ ഊർജ്ജം പകരുന്നതിനായി ഭക്ഷ്യ സംസ്കരണ വികസന ബോർഡ് രൂപീകരിക്കുന്നതടക്കമുള്ള പദ്ധതികൾ നടപ്പാക്കണമെന്ന് റിപ്പോർട്ടിലുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ, വിപണി പ്രവണതകൾ, അവസരങ്ങൾ എന്നിവ അതിവേഗം ലഭ്യമാക്കുന്നതിനായി ഓൺലൈൻ പോർട്ടൽ ആരംഭിക്കണമെന്നും റിപ്പോർട്ട് പറയുന്നു.

ബ്രാൻഡിംഗ്, വിപണി ബന്ധങ്ങൾ എന്നിവ ശക്തമാക്കുന്നതിന് സംസ്ഥാനം അതിൻറെ തനത് ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനായി ആഭ്യന്തരഅന്തർദേശീയ തലത്തിൽ ഭക്ഷ്യമേളകളും എക്സ്പോകളും സംഘടിപ്പിക്കണം.ഇന്ത്യയുടെ ഭക്ഷ്യ സംസ്കരണ വിപണി 2025 എത്തുമ്പോൾ 15.2 ശതമാനം സംയുക്ത വാർഷിക വളർച്ചാ നിരക്ക് കൈവരിച്ച് 535 ബില്യൺ ഡോളറിലെത്തുമെന്ന് കണക്കാക്കപ്പെടുന്നു. ഈ വളർച്ചയിൽ ഗണ്യമായ സംഭാവന നൽകുന്നതിന് കേരളത്തിൻറെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.ജൈവ, പോഷകഗുണമുള്ള ഭക്ഷണങ്ങൾ, റെഡി ടു ഈറ്റ്, റെഡി ടു കുക്ക് ഉത്പന്നങ്ങൾ എന്നിവയിലേയ്ക്ക് ഉപഭോക്താക്കളുടെ മുൻഗണന മാറുന്നതിനാൽ ഈ സാധ്യത പ്രയോജനപ്പെടുത്താൻ കേരളം തീർത്തും അനുയോജ്യമാണ്.കേരളത്തിലെ രണ്ട് മെഗാ ഫുഡ് പാർക്കുകളും ഒരു സുഗന്ധവ്യഞ്ജന പാർക്കും ഭക്ഷ്യ സംസ്കരണ വ്യവസായത്തിന് വേണ്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിന് സജ്ജമാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

ഇടുക്കിയിലെ സ്പൈസസ് പാർക്ക്, കോഴിക്കോടുള്ള കോക്കനട്ട് പ്രോസസിംഗ് ക്ലസ്റ്റർ, എറണാകുളത്ത് പൈനാപ്പിൾ പ്രോസസിംഗ് ക്ലസ്റ്റർ, കൊല്ലത്ത് കശുവണ്ടി സംസ്കരണ ക്ലസ്റ്റർ എന്നിവ വരാനിരിക്കുന്ന പദ്ധതികളിൽ ചിലതാണ്.കോൾഡ് സ്റ്റോറേജ് സൗകര്യങ്ങൾ, ഉത്പന്ന സംഭരണം മെച്ചപ്പെടുത്ത , തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കൽ, ഭൂമി ലഭ്യത, ഗുണനിലവാരത്തിലും സുരക്ഷാ മാനദണ്ഡങ്ങളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കൽ എന്നിങ്ങനെയുള്ള വിതരണ ശൃംഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിൽ സംസ്ഥാന സർക്കാർ ലക്ഷ്യബോധത്തോടെയുള്ള ഇടപെടലുകൾ നടത്തിവരുന്നതായും റിപ്പോർട്ട് പരാമർശിക്കുന്നു.

# വൺപ്ലസ് ബഡ്സ് പ്രോ 3 ബ്ലൂടൂത്ത് ടിഡബ്ല്യുഎസ് ഇൻ ഇയർ ബഡ്സ് ആകർഷകമായ ഓഫറിൽ

**കൊച്ചി:** പ്രമുഖ ഇലക്ട്രോണിക്സ് ബ്രാൻഡായ വൺപ്ലസിന്റെ ഇയർ ബഡ്സിന് ആകർഷകമായ ഓഫർ. ബഡ്സ് പ്രോ 3 എന്ന ഈ സീരീസിന് ആകർഷകമായ ഡീലാണുള്ളത്.

11 mm വൂഫറും 6 mm ട്വീറ്ററും ട്യൂൺ ചെയ്യുന്നത് ഇവയുടെ തന്നെ ഡിജിറ്റൽ ടു അനലോഗ് കൺവേർട്ടറാണ്. കൂടാതെ ഡീപ്പ് ബാസും ക്രിസ്പ് ട്രെബിളും ഇവ ഉറപ്പാക്കുന്നു. മാത്രമല്ല റിച്ച് ലോസ് പ്രിസ്റ്റീൻ ഹൈ എന്ന എക്സ്പാൻസീവ് സൗണ്ട് സ്റ്റേജ് ഫീച്ചറുകളുണ്ട്. ലേറ്റസ്റ്റ് ഓഡിയോ കോഡറോട് കൂടി സ്റ്റുഡിയോ ഗ്രേഡ് വ്യക്തതയിൽ ശ്രവ്യാനുഭവം ഇവ മികച്ചതാക്കുന്നു. ഇതിന് കൂട്ടായി ഹൈ റെസലൂഷൻ ഓഡിയോ ഫീച്ചറുകളുമിവയ്ക്ക് സ്വന്തം.

പുറത്തുള്ള അനാവശ്യ ശബ്ദങ്ങളുടെ ശല്യമില്ലാതെ കോളുകൾ ചെയ്യാനും പാട്ട് കേൾക്കാനുമായി റിയൽ ടൈം അഡാപ്ടീവ് നോയിസ് ക്യാൻസലേഷൻ ഉറപ്പാക്കുന്നു. ഇതിനായി 50റയ അക്കോസ്റ്റിക്ക് എൻവയൺമെന്റ് ഒരുക്കുന്നു. രണ്ട് മടങ്ങ് അധികം വോയിസ് ക്യാൻസലിങ് ഉറപ്പാക്കാനായി ബാക്ക്ഗ്രൗണ്ട് വോയിസ് സപ്രഷൻ വൺപ്ലസ് ബഡ്സ് പ്രോ 2 ഒരുക്കുന്നു. നോട്ടുകൾ ശരിയായി ബാലൻസ് ചെയ്യുന്നുവെന്ന് ഉറപ്പാക്കാനായി കോ ക്രിയേറ്റഡ് ഡൈനോഡിയോ പ്രിസിഷൻ ട്യൂൺഡ് ഓഡിയോ പ്രൊഫൈൽ ഫീച്ചറുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY



## മെഗാ ജോബ് ഫെയർ സംഘടിപ്പിച്ചു

**കൊച്ചി:** നാഷണൽ എംപ്ലോമെന്റ് സർവീസ് എറണാകുളം മേഖലയും കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും സംയുക്തമായി സംഘടിപ്പിച്ച 'നിയുക്തി മെഗാ ജോബ് ഫെയർ' 2024 കുസാറ്റിൽ ജില്ലാ പഞ്ചായത്ത പ്രസിഡൻറ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.ഡോ.പി ജി ശങ്കരൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ എറണാകുളം മേഖലാ എംപ്ലോയ്മെൻറ് ഡെപ്യൂട്ടി ഡയറക്ടർ സാബു.സി.ജി സ്വാഗതം പറഞ്ഞു. സർവകലാശാല രജിസ്ട്രാർ പ്രൊഫ.ഡോ.ശിവാനന്ദൻ ആചാരി, കുസാറ്റ് ഇൻറേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഡോ.സാം തോമസ്, കുസാറ്റ് ചീഫ് പ്ലെയ്സ്മെൻറ് ഓഫീസർ ഡോ.ഗിരീഷ് കുമാരൻ തമ്പി ബി.എസ്, ഡിവിഷണൽ എംപ്ലോയ്മെൻറ് ഓഫീസർമാരായ ബിന്ദു കെ.എസ്, ജയശങ്കർ പ്രസാദ് എന്നിവർ ആശംസകൾ അറിയിച്ചു.സ്വകാര്യ മേഖലയിയലെ 79 ഉദ്യോഗദായകർ പങ്കെടുത്ത തോഴിൽ മേളയിൽ 14548 ഉദ്യോഗാർത്ഥികൾ 3912 ഒഴിവുകൾക്കായി രജിസ്റ്റർ ചെയ്തു.സ്പോട്ട് രജിസ്ട്രേഷനും ഉദ്യോഗാർത്ഥികൾ ഹാജരായി.

## ബി.ടെക്ക് പ്രോഗ്രാമുകളിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ബി.ടെക്ക് പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി സെപ്റ്റംബർ 3,4,5 തീയതികളിൽ രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കുസാറ്റ് ക്യാറ്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. എസ്.സി/എസ്.ടി വിഭാഗം രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷനും ഇതോടൊപ്പം നടക്കും. താൽപര്യമുള്ള വിദ്യാർത്ഥികൾ കുസാറ്റിലെ യൂണിവേഴ്സിറ്റി സെമിനാർ കോംപ്ലെക്സിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. രജിസ്ട്രേഷൻ സമയം രാവിലെ 9.00 മുതൽ 10.00 വരെ.ഹാജരാകേണ്ട അപേക്ഷകരുടെ റാങ്ക് പരിധിയും ഒഴിവുകളും അറിയുന്നതിനായി www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## സമുദ്ര മലിനീകരണവും ഇക്കോടോക്സികോളജിയും എന്ന വിഷയത്തിൽ ദേശീയസമ്മേളനം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2024 സെപ്റ്റംബർ 25 മുതൽ 27 വരെ 'സമുദ്രമലിന കരണവും ഇക്കോടോക്സികോളജിയുംഎന്ന വിഷയത്തിൽ ദേശീയ സമ്മേളനം സംഘടിപ്പിക്കുന്നു. ലക്നൗവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടോക്സിക്കോളജി റിസർച് കേന്ദ്രവും ഭൂമിഭൗതിക ശാസ്ത്ര മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തീര ഗവേഷണ കേന്ദ്രം എന്നിവയുടെ സഹകരണത്തോടെയാണ് ദേശീയ സമ്മേളനം കൊച്ചയിൽ നടത്തുന്നത്. അടുത്ത് വന്ന ദേശീയ യൂണിവേഴ്സിറ്റി റാങ്ക് പട്ടികയിൽ മികച്ച പ്രകടനം ആണ് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല നേടിയത്.

ഇന്ത്യയിൽ തന്നെ ആദ്യമായാണ് സമുദ്രമലിനീകരണത്തെക്കുറിച്ചും പരിസ്ഥിതി വിഷയത്തിലും ഒരു ദേശീയ സമ്മേളനം നടക്കാൻ പോകുന്നത്. സമുദ്രത്തിലെയും തണ്ണീർത്തടങ്ങളിലെയും ഘനലോഹമലിനീകരണം, കീടനാശിനികളുടെ മലിനീകരണം, പ്ലാസ്റ്റിക് മൈക്രോപ്ലാസ്റ്റിക് തുടങ്ങിവയുടെ മലിനീകരണം, അപകടകരമായ രാസപദാർഥങ്ങൾ ജലജീവികൾക്ക് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും ഗൗരവപരമായചർച്ചകൾ ഈ സമ്മേളനത്തിൽ നടക്കും.

പരിസ്ഥിതിവിദ്യാഭ്യാസം, പൗരശാസ്ത്രം എന്നിവയെ സമുദ്രസംരക്ഷണത്തിന് ആവശ്യമായ ഉപകരണങ്ങളായി മുൻനിർത്തി ഈ സമ്മേളനം പുതിയ സാധ്യതകൾ കണ്ടെത്തി ഇന്ത്യയുടെ തീരദേശങ്ങളെയും, ആഗോള സമുദ്ര പരിസ്ഥിതിയെയും സംരക്ഷിക്കുവാൻ സഹായിക്കും.

## പഞ്ചവത്സര ബി.എസ്.സി ,എൽ.എൽ.ബി (ഹോണേഴ്സ്) കോഴ്സ് ഉദ്ഘാടനം

**കൊച്ചി:** ഇന്ത്യയിൽ ആദ്യമായി കമ്പ്യൂട്ടർ സയൻസ് സ്പെഷ്യലൈസേഷനോടു കൂടി പഞ്ചവത്സര ബി.എസ്.സി ,എൽ.എൽ.ബി കോഴ്സ് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പ്രൊഫ. എൻ.ആർ മാധവ മേനോൻ ഇൻറർ ഡിസിപ്ലിനറി സെൻററിൽ സെപ്റ്റംബർ 2 ന് രാവിലെ 9.00 ന് കേരള ഹൈക്കോടതി ആക്ടിങ്ങ് ചീഫ് ജസ്റ്റിസ് ഹോണോറബിൾ ജസ്റ്റിസ് മുഹമ്മദ് മുഷ്താഖ് ഉദ്ഘാടനം ചെയ്യും. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.ഡോ.പി.ജി ശങ്കരൻ അധ്യത വഹിക്കുന്ന ചടങ്ങിൽ ഐ.സി.ആർ.ഇ.പി ഡയറക്ടർ ഡോ.വാണി കേസരി.എ സ്വാഗതവും, എക്സിക്യൂട്ടിവ് കമ്മിറ്റി ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ വൈസ് ചെയർമാൻ അഡ്വ. എൻ.മനോജ് കുമാർ, രജിസ്ട്രാർ പ്രൊഫ.ഡോ.ശിവാനന്ദൻ ആചാരി, ഫാക്കൽറ്റി ഓഫ് ലോ ഡീൻ പ്രൊഫ.ഡോ.കെ.സി സണ്ണി എന്നിവർ ആശംസയർപ്പിച്ച് സംസാരിക്കും. തുടർന്ന് വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഓറിയൻറേഷൻ ക്ലാസ്സുകൾ നടക്കും. കേരള ഹൈക്കോടതി സൈബർ അഭിഭാഷകൻ അഡ്വ.പ്രേം കമ്മത്ത്, കുസാറ്റ് ഐ.ക്യൂ.എ.സി ഡയറക്ടർ പ്രൊഫ.ഡോ.സാം തോമസ്, എറണാകുളം റൂറൽ ഡിസ്ട്രിക് പോലീസ് ചീഫ് വൈഭവ് സക്സേന ഐ.പി.എസ്, കുസാറ്റ് സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് ഡയറക്ടർ ഡോ.പ്രീത എസ് എന്നിവരുടെ ഇൻഡക്ഷൻ പ്രോഗ്രാമുകളും സംഘടിപ്പിക്കും.

## ഭിന്നശേഷിക്കാരുടെ ജീവിത വികാസത്തിന് സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജന പ്പെടുത്തണം ഡോ. ആശാ ഗോപാലകൃഷ്ണൻ

**ആലുവ :** ഭിന്നശേഷിക്കാരുടെ ജീവിത വികാസത്തിന് സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജന പ്പെടുത്തണമെന്ന് സക്ഷമ അഖിലേന്ത്യ വൈസ് പ്രസിഡന്റും നേത്യ രോഗ വിദഗ്ധനായുമായ ഡോ. ആശാ ഗോപാലകൃഷ്ണൻ അഭിപ്രായപ്പെട്ടു. ദിവ്യാംഗരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ദേശീയ പ്രസ്ഥാനമായ സക്ഷമ സംഘടിപ്പിച്ച കാഴ്ച്ച സംബന്ധമായ വിഷയത്തിൽ സംസ്ഥാനതല ഏകദിന ശിൽപശാല ഉൽഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. ആലുവ മഹാനാമി ഓഡിറ്റോറിയത്തിൽ നടന്ന ശില്പശാലയിൽ സക്ഷമ എറണാകുളം ജില്ലാ പ്രസിഡന്റും കോർണിയ രോഗ വിദഗ്ധനുമായ ഡോ. അനിൽ രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. സക്ഷമ ദക്ഷിണക്ഷേത്ര സംഘടന സെക്രട്ടറി വി.വി. പ്രദീപ്, സെന്റലോണ ഡയറക്ടർ സത്യശീലൻ മാസ്റ്റർ, ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റിയുടെ ഡിസാസ്റ്റർ മാനേജ്മെന്റ് കൺവീനർ ജോബി തോമാസ് , കെ.ആർ. രഘുനാഥൻ മാസ്റ്റർ, ആർ.ശശികുമാർ , എൻ.ശ്രജിത്ത് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിച്ചു. സക്ഷമ സംസ്ഥാന ജോ. സെക്രട്ടറി പ്രദീപ് എടത്തല , ജില്ലാ ജോ. സെക്രട്ടറി ഹരി എം.സി. , അഭിഷേക്, ആകാശ് , സംസ്ഥാന മഹിള പ്രമുഖ് അനിതാ നായകം എന്നിവർ പ്രസംഗിച്ചു. സംസ്ഥാന സെക്രട്ടറി ടി.എം. കൃഷ്ണകുമാർ,



പി.സുഭാഷ് ,സുധീർ എം.ബി., അനിൽ കുമാർ. പി.എ., മിനി രാജേന്ദ്രൻ എന്നിവർ ശില്പശാലക്ക് നേതൃത്വം നൽകി. ദേശീയ നേതൃദാന പക്ഷാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച കവിതാ രചന മത്സരത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും 100 ൽ അധികം പേർ ശില്പശാലയിൽ പങ്കെടുത്തു.

മലയിടംതുരുത്ത് സെന്റ്. മേരിസ് യാക്കോബായ സുറിയാനി പള്ളിയിലെ എട്ടുനോമ്പു പെരുന്നാളിന് പെരുമ്പാവൂർ മേഖല അധിപൻ അഭിവന്ദ്യ മാത്യൂസ് മോർ അപ്രേം മെത്രാപ്പോലീത്ത കൊടി ഉയർത്തി ഇന്ന് തുടക്കം കുറിച്ചു.

സെപ്റ്റംബർ ആറാം തീയതി വരെ എല്ലാ ദിവസവും സുവിശേഷ യോഗവും തുടർന്ന് സെപ്റ്റംബർ 7, 8 തീയതികളിൽ നടത്തുന്ന പ്രധാന പെരുന്നാളിന് അഭിവന്ദ്യ ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്തയും, അഭിവന്ദ്യ പൗലോസ് മോർ ഐറേനിയോസ് മെത്രാപ്പോലീത്തയും സഭയിലെ സീനിയർ വൈദികരും നേതൃത്വം നൽകുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന ഇടവകയുടെ ജൂബിലി ആഘോഷങ്ങളുടെ തുടക്കം അഭിവന്ദ്യ മാത്യൂസ് മോർ അപ്രേം മെത്രാപ്പോലീത്ത ഇന്ന് നിർവ്വഹിക്കും.

ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷങ്ങളിൽ നിരവധി ചാരിറ്റി പ്രവർത്തനങ്ങളും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയതായി വികാരി റവ. ഫാ. ഡോ. ബാബു അറക്കക്കുടി, ട്രസ്റ്റിമാരായ എൻ. പി. വർഗീസ്, സിജി തോമസ് ജൂബിലി കൺവീനർ ബേസിൽ പോൾ എന്നിവർ അറിയിച്ചു.

## വ്യാപാരികൾക്ക് നിരവധി പദ്ധതികളുമായി കേരള വ്യാപാരി വ്യവസായി ഏകോപനസമിതി കുന്നത്തുനാട് യൂണിറ്റ്

**അമ്പലപ്പടി :** കേരള വ്യാപാരി വ്യവസായി ഏകോപനസമിതി കുന്നത്തുനാട് യൂണിറ്റിൽ ഉൾപ്പെടുന്ന ഓരോ അംഗത്തിനും അവരുടെ കുടുംബാംഗങ്ങൾക്കും അവരുടെ ബിസിനസ് വളർച്ചയ്ക്കും വേണ്ടി നിരവധി പദ്ധതികളുമായി മിഷൻ 25 30 എന്ന പേരിൽ പ്രവർത്തന രൂപരേഖയായി

ചെറുകിട വ്യാപാര മേഖലയിൽ പൊതുജന സഹകരണം കൂടുതൽ ശക്തമാക്കുന്നതിന് വേണ്ടി യുവാക്കൾക്കിടയിൽ ഉൽപാദന സേവന പ്രവർത്തനങ്ങളിൽ സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 100 സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സീറോ ഇൻട്രസ്റ്റ് ലോൺ പദ്ധതി നടപ്പിലാക്കുന്നതും ഇതിൽ പ്രധാനപ്പെട്ടതാണ് എന്ന് പ്രസിഡന്റ് സണ്ണി വർഗീസ് പറഞ്ഞു

പത്ര സമ്മേളനത്തിൽ യൂണിറ്റ് ഭാരവാഹികളായ കെ ബി നസറുദ്ദീൻ, യൂസഫ് കെ എം, ജോർജ് വി പോൾ, പി.കെ. ശിഹാബ്,ഇ. കെ അബ്ദുൾ ഖാദർ കെ,മുഹമ്മദ് സലാം, സിറാജ് എൻ.എ, കാസിം വി.എസ് അർഷാദ് ബിൻ സുലൈമാൻ,നജീബ് എസ്.പി എന്നിവർ പങ്കെടുത്തു

സൊസൈറ്റി ടുഡേ
SOCIETY TODAY

# നൃത്തം എത്തിപ്പിടിച്ച് രാജേഷ്



നിങ്ങൾ ഒരു കാര്യം അതിതീവ്രമായി ആഗ്രഹിച്ചാൽ അത് നിങ്ങൾക്ക് നേടിത്തരാൻ ഈ പ്രപഞ്ചം മുഴുവൻ ഗൂഢാലോചന നടത്തും പൗലോ കൊയ്‌ലോ

ആൽകെമിസ്റ്റ് എന്ന നോവലിലൂടെ ലോകം ഏറ്റെടുത്ത ആശയമാണിത്. സ്വപ്നത്തെ അനുഗമിച്ച് നിധിതേടിപ്പോയ സാന്റിയാഗോയുടെ തിരിച്ചറിവാണ് പൗലോ കൊയ്‌ലോയുടെ ആൽക്കെമിസ്റ്റ് പറയുന്നത്. മികച്ചൊരു നർത്തകനാകണമെന്ന് ചെറുപ്പകാലം മുതൽ താൻ നിധിപോലെ മനസിൽ കൊണ്ടുനടന്ന സ്വപ്നം എത്തിപ്പിടിച്ച കഥയാണ് പള്ളുരുത്തി തച്ചോടത്ത് പറമ്പിൽ രാജേഷ് കൗസല്യ വാസു എന്ന കെ.വി രാജേഷിന്റേത്. ജീവിത പ്രാരാബ്ധങ്ങൾക്ക് നടുവിൽ ഉപജീവനത്തിനായി ചുമട്ട് തൊഴിലാളിയുടേതടക്കമുള്ള പല പല വേഷങ്ങളും രാജേഷിന് അണിയേണ്ടിവന്നു. കയ്പേറിയ ദുരനുഭവങ്ങൾക്ക് നടുവിലും നൃത്തമെന്ന സ്വപ്നത്തിന്റെ തീജ്ജ്വാല മനസിൽ കെടാതെ സൂക്ഷിച്ച രാജേഷ് ഇന്ന് ചലച്ചിത്രതാരംവും നർത്തകിയുമായ ആശാ ശരത്തിന്റെ ദുബായിലെ ഡാൻസ് സ്കൂളിലെ ഭരതനാട്യം അധ്യാപകനാണ്. താൻ പിന്നിട്ട വഴികളെക്കുറിച്ചും തന്നെ കൈപിടിച്ചു നടത്തിയ ഗുരുകരങ്ങളെക്കുറിച്ചും രാജേഷ് സൊസൈറ്റി ടുഡേയുമായി പങ്കുവെയ്ക്കുകയാണ്

**ചെറുപ്പം മുതലേ നൃത്തത്തിനോട് ഇഷ്ടം**

കുഞ്ഞുനാൾ മുതലേ നൃത്തത്തിനോട് തനിക്ക് വല്ലാത്ത ഇഷ്ടമായിരുന്നുവെന്ന് രാജേഷ് പറയുന്നു. ആര് നൃത്തം ചെയ്യുന്നത് കണ്ടാലും താൻ നോക്കി നിൽക്കുകമായിരുന്നു. എന്നാൽ വീട്ടിലെ ദാരിദ്യവും മറ്റും മൂലം നൃത്തം പഠിക്കാനുള്ള സൗകര്യമുണ്ടായിരുന്നില്ല. പിതാവ് വാസു ചെറുപ്പത്തിലേ തന്നെ മരിച്ചു പോയിരുന്നു. പത്താം ക്ലാസിൽ തോറ്റതോടെ പഠനം നിർത്തി ജോലി തേടിയിറങ്ങി. വർക്ക് ഷോപ്പിലായിരുന്നു ആദ്യം പോയത്. പിന്നീട് പല പല ജോലികൾ ചെയ്തു. അപ്പോഴും മനസിൽ ഉണ്ടായിരുന്ന നൃത്തമെന്ന സ്വപ്നത്തിന്റെ കനൽ ജ്വലിച്ചുകൊണ്ടേയിരുന്നു.ഏതെങ്കിലും ഒരു ഗുരുവിന്റെ കീഴിൽ നൃത്തം അഭ്യസിക്കാൻ തക്കവിധം സാമ്പത്തിക ശേഷിയില്ലാതിരുന്നതിനെ തുടർന്ന് മറ്റുള്ളവർ ചെയ്യുന്നത് കണ്ട് പാട്ടുകൾക്കൊപ്പം സ്വന്തമായി ചുവടുകൾ ചിട്ടപ്പെടുത്തി രാജേഷ് നൃത്തം ചെയ്യാൻ തുടങ്ങി. തുടക്കത്തിൽ സിനിമാറ്റിക് ഡാൻസാണ് ചെയ്തിരുന്നത്. രാജേഷിന്റെ മെയ് വഴക്കവും ചുവടുകളും കണ്ട് പലരും അഭിനന്ദിക്കുകയും നൃത്തത്തിൽ നല്ല ഭാവിയുണ്ടെന്ന് പറയുകയും ചെയ്തിരുന്നു. ഇതോടെ ആത്മ വിശ്വാസം കൂടി. നാട്ടുമ്പുറത്ത് ഉൾപ്പെടെ എവിടെയെങ്കിലും നൃത്തം അവതരിപ്പിക്കാൻ വേദി തേടി രാജേഷ് അലഞ്ഞു. കിട്ടിയിടത്തെല്ലാം മികച്ച പ്രകടനം നടത്താനും കൈയ്യടി നേടാനും രാജേഷിന് കഴിഞ്ഞു.

**ഡോ.രമ വഴിത്തിരിവായി**

ഡോ. രമയാണ് തന്റെ സ്വപ്നത്തിലേക്കുള്ള ആദ്യ പടിയിലേക്ക് കൈപിടിച്ചു കയറ്റിയതെന്ന് രാജേഷ് പറഞ്ഞു. ഒരു ദിവസം എറണാകുളം മറൈൻ ഡ്രൈവിൽ സംഘടിപ്പിച്ച നൃത്ത മൽസരത്തിൽ രാജേഷ് പങ്കെടുത്ത് നൃത്തം അവതരിപ്പിക്കുന്നത് ഡോ.രമ അവിചാരിതമായി കണ്ടു. ജി.സി.ഡി. എ കോംപ്ലക്സിൽ ഷോപ്പിംഗിനായി എത്തിയതായിരുന്നു ഡോക്ടർ.ആ മൽസരത്തിൽ രാജേഷ് ഒന്നാം സമ്മാനം നേടുകയും ചെയ്തു. സ്വന്തമായി അഭ്യസിച്ചായിരുന്നു രാജേഷ് ഡാൻസ് അവതരിപ്പിച്ചത്. രാജേഷിന്റെ നൃത്തം കണ്ട് ഡോക്ടർ തങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന ബോധവൽക്കരണ പരിപാടിയിൽ നൃത്തം അവതരിപ്പിക്കാൻ ക്ഷണിച്ചു. ചെന്നൈയിലായിരുന്നു പ്രോഗ്രാം. കേട്ടപ്പോൾ വലിയ സന്തോഷം തോന്നിയെങ്കിലും താൻ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്നും കൂടുതൽ ദിവസം അവധിയെടുക്കാൻ അനുമതി ലഭിക്കില്ലെന്ന തന്റെ നിസ്സഹായവസ്ഥ രജേഷ് ഡോ. രമയെ അറിയിച്ചു. തുടർന്ന് ഡോ. രമ നേരിട്ട് കമ്പനിയിലെത്തി രാജേഷിന്റെ മേലുദ്യോഗസ്ഥനായ ജോൺസണുമായി സംസാരിച്ചു. നൃത്തത്തിനോടുള്ള രാജേഷിന്റെ അഭിനിവേശം അറിയാവുന്ന ജോൺസൺ സമ്മതിച്ചുവെന്നു മാത്രമല്ല വണ്ടിക്കൂലിക്കടക്കമുള്ള ചിലവിന് പണവും നൽകി.അങ്ങനെ രാജേഷ് അവർക്കൊപ്പം ചെന്നൈയിലെത്തി നൃത്തം അവതരിപ്പിച്ചു.

**കൈപിടിച്ചുയർത്തിയത് ധരണി**

ചെന്നൈയിലെ പ്രോഗ്രാമിനു ശേഷം ഡോ.രമ രാജേഷിനോട് ശാസ്ത്രീയമായി നൃത്തം അഭ്യസിക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ അതിനുള്ള സാമ്പത്തിക സ്ഥിതിയില്ലെന്ന് രാജേഷ് പറഞ്ഞതോടെ ഡോ. രമ തന്നെ രാജേഷിനെ എറണാകുളത്തെ ശ്യാമള സുരേന്ദ്രന്റെ നേതൃത്വത്തിലുള്ള ഡാൻസ് ഇൻസ്റ്റിറ്റ്യൂട്ടായ ധരണിയിൽ എത്തിച്ചു. രാജേഷിന്റെ നൃത്ത പഠനത്തിനുള്ള ചിലവ് ഡോ. രമ വഹിക്കാമെന്നായിരുന്നു പറഞ്ഞിരുന്നതെങ്കിലും രാജേഷിന്റെ നൃത്തത്തിലെ കഴിവ് കണ്ട് സൗജന്യമായി പഠിപ്പിക്കാമെന്ന് ശ്യാമള ഡോ.രമയോട് പറഞ്ഞു. തുടർന്ന് അന്നുമുതൽ ജോലി ഉപേക്ഷിച്ച രാജേഷ് മുഴുവൻ സമയവും നൃത്ത പഠനത്തിനായി ചേർന്നു. രാജേഷിന്റെ അവസ്ഥ മനസിലാക്കിയ ശ്യാമള ധരണിയിൽ നിന്നും രാജേഷിന് സ്റ്റൈപ്പന്റ് അനുവദിച്ചു നൽകി. ഇത് വലിയ ആശ്വാസമായി ഈ പണം രാജേഷ് വിട്ടിൽ നൽകിക്കൊണ്ടിരുന്നു. രാജേഷ് നൃത്തം പഠിക്കാനാണ് ദിവസവും പോകുന്നതെന്ന് വീട്ടിൽ അറിയില്ലായിരുന്നു. വീട്ടുകാർ വിചാരിച്ചിരുന്നത് ജോലിക്കു പോകുകയാണെന്നായിരുന്നു. മുഴുവൻ സമയവും കഠിനാധ്വാനം ചെയ്ത് രാജേഷ് 2002 ൽ അരങ്ങേറ്റം നടത്തി. ചുമട്ടു തൊഴിൽ അടക്കമെടുത്തിരുന്ന രാജേഷിന്റെ അരങ്ങേറ്റം പത്രങ്ങൾ വാർത്തയാക്കിയതോടെയാണ് രാജേഷ് നൃത്തം പഠിച്ചിരുന്ന വിവരം വീട്ടുകാർ അറിയുന്നത്. അരങ്ങേറ്റത്തിനു ശേഷം വീണ്ടും ധരണിയിൽ തുടർന്ന രാജേഷ് ശ്യാമളയുടെ നിർദ്ദേശ പ്രകാരം പത്താം ക്ലാസ് പരീക്ഷ വീണ്ടും എഴുതി പാസായി. തുർന്ന് പ്ലസ്ടുവും എഴുതി വിജയിച്ചു. ശേഷം ആർഎൽവി കോളജിൽ ഡിഗ്രി ഭരത നാട്യത്തിനു ചേർന്നു.

**സിനിമയിലേക്കും അവസരം തേടിയെത്തി**

രാജേഷ് അരങ്ങേറ്റത്തിനായി ഒരുങ്ങുന്ന വാർത്ത മാധ്യമങ്ങളിൽ വന്നതോടെ സിനിമയിൽ അഭിനയിക്കാനും രാജേഷിന് ക്ഷണം ലഭിച്ചിരുന്നു. സംവിധായകനും എഴുത്തുകാരനുമായിരുന്ന ലോഹിതദാസായിരുന്നു രാജേഷിനെ അന്ന് ക്ഷണിച്ചത്. എന്നാൽ അരങ്ങേറ്റത്തിന്



ധാരാളം ഒരുക്കങ്ങൾ വേണ്ടിയിരുന്നതിനാൽ രാജേഷ് ക്ഷണം നിരസിക്കുകയായിരുന്നു.

**ഗുഡ്ഷെപ്പേർഡിൽ തുടങ്ങി കൈരളി കലാകേന്ദ്രത്തിൽ എത്തി**

ആർഎൽവിയിൽ നിന്നും ഡിഗ്രി പാസായതിനു ശേഷം ഊട്ടി ഗുഡ് ഷെപ്പേർഡ് സ്കൂളിൽ രാജേഷ് നൃത്ത അധ്യാപകനായി ജോലിയിൽ കയറി. അവിടെ ജോലി ചെയ്യുന്നതിനിടയിൽ ഗൾഫിൽ ഡാൻസ് സ്കൂളിൽ അധ്യാപകന്റെ ജോലി ലഭിച്ചതോടെ രാജേഷ് കടൽ കടന്നു. ഇതിനിടയിൽ രാജേഷിന്റെ വിവാഹവും കഴിഞ്ഞു. ഗൾഫിൽ വലിയ കുഴപ്പമില്ലാതെ മുന്നോട്ടു പോകുന്നതിനിടയിലാണ് വില്ലന്റെ രൂപത്തിൽ കോവിഡിന്റെ വരവ്. ഇതോടെ സ്ഥാപനം പൂട്ടി. രാജേഷിന് മടങ്ങേണ്ടി വന്നു. ഇതിനിടയിൽ രാജേഷിനെ അലട്ടിയിരുന്ന ഇയർബാലൻസിന്റെ പ്രശ്നം ഗുരുതരമായതിനെ തുടർന്ന് കിടപ്പിലായി. താൻ നെഞ്ചിലേറ്റിയ നൃത്തം രോഗം മൂലം ഉപേക്ഷിക്കേണ്ടിവരുമെന്ന അവസ്ഥ വരെയത്തിയെങ്കിലും നൃത്തത്തോടുള്ള അടങ്ങാത്ത ആഗ്രഹവും പരിശ്രമവും മൂലം രോഗത്തെ കീഴ്പ്പെടുത്തി രാജേഷ് വീണ്ടും നൃത്ത ലോകത്തിലേക്ക് മടങ്ങിയെത്തി. തുടർന്ന് വീണ്ടും ഗൾഫിലേക്ക് വിമാനം കയറി. അവിടെ മുദ്രാഞ്ജലി ഡാൻസ് സ്കൂളിൽ അധ്യാപകനായി ജോലിയിൽ കയറി. എന്നാൽ ഇവിടെയും വിടാതെ പിന്തുടർന്ന പ്രതിസന്ധിമൂലം വീണ്ടും നാട്ടിലേക്ക് മടങ്ങിയ രാജേഷ് തളരാൻ തയ്യാറായിരുന്നില്ല. നൃത്തവും പരിശ്രമവും തുടരുന്നതിനിടയിൽ രാജേഷിന് ആശാ ശരത്തിന്റെ വിദേശത്തെ കൈരളി കലാകേന്ദ്രത്തിൽ നൃത്ത അധ്യാപകനായി നിയമനം ലഭിച്ചു. വീണ്ടും വിദേശത്തേയ്ക്ക് പറന്നു.നിലവിൽ കൈരളിയിലെ നൃത്താധ്യപകനായി തുടരുകയാണ് രാജേഷ്.

**ഇനി മോഹിനിയാട്ടവും**

നൃത്തമാണ് തന്റെ എല്ലാമെന്നാണ് രാജേഷിന്റെ പക്ഷം. ഒന്നിനു പിറകെ ഒന്നായി പ്രതിസന്ധികളുണ്ടായപ്പോഴും തനിക്ക് പിടുച്ചു നിൽക്കാൻ സാധിച്ചത് നൃത്തമെന്ന കലാരൂപത്തിനോടുള്ള അടങ്ങാത്ത പ്രണയമാണ്. എന്നെ കൈപിടിച്ചു നടത്തിയ ഡോ. രമാ, ധരണിയിലെ തന്റെ എല്ലാമെല്ലാമായ പ്രിയ ഗുരു ശ്യാമള സുരേന്ദ്രൻ എന്നിവരോടുള്ള കടപ്പാട് പറഞ്ഞറിയിക്കാൻ കഴിയില്ല. എപ്പോൾ നാട്ടിൽ വന്നാലും ധരണിയിലെത്തി ഗുരു ശ്യാമളയെ കാണുകയും നൃത്തം പരിശീലിക്കുകയും പുതിയ പാഠങ്ങൾ പഠിക്കുകയും ചെയ്യും. മോഹിനിയാട്ടവും പഠിക്കണമെന്ന് തനിക്ക് വലിയ ആഗ്രമാണ്.ഇത്തവണ നാട്ടിൽ വന്നപ്പോൾ തന്റെ ആഗ്രഹം ഗുരു ശ്യാമളയെ അറിയിച്ചു. സമ്മതം കിട്ടിയതോടെ പഠനത്തിന് തുടക്കമിട്ടു. ഒരു മാസമായി മോഹിനിയാട്ടം അഭ്യസിക്കുന്നുണ്ട്.

**അഭിമാനവും സന്തോഷവും**

ഇത്രയും കാലത്തിനിടയിൽ താൻ പിന്നിട്ട വഴിയിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ വലിയ സന്തോഷവും അതിലേറെ അഭിമാനവും തോന്നുന്നുവെന്ന് രാജേഷ് പറയുന്നു. ഒട്ടേറെ ദുരിതക്കയങ്ങൾ താണ്ടിയാണ് ഇവിടെ വരെയെത്തിയത്. ഇതുവരെയുള്ള ജീവിത യാത്രയിൽ തനിക്ക് പിന്തുണയായി ഒപ്പം നിന്ന എല്ലാവർക്കും നന്ദി. മരണം വരെ നൃത്തം തന്റെ നെഞ്ചിലുണ്ടാകുമെന്നും രാജേഷ് പറഞ്ഞു. കവിത ഗ്രൂപ്പിന് കീഴിലുള്ള FREEMEN INVESTMENTS PRIVATE LIMITED എന്ന ധനകാര്യ സ്ഥാപനത്തിൽ CREDIT OFFICER ആയി ജോലി ചെയ്യുന്ന നീതുവാണ് രാജേഷിന്റെ ഭാര്യ. മകൾ ശിവാനി വല്ലാർപാടം സെന്റ് മേരീസ് സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർഥിനിയാണ്.




# കേരളത്തിലെ സാനിധ്യം വിപുലീകരിച്ച് ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക്

**കോഴിക്കോട്:** സംസ്ഥാനത്തെ വിവിധയിടങ്ങളിൽ പുതിയ ഔട്ട്ലെറ്റുകൾ തുറന്ന് കേരളത്തിലെ സാനിധ്യം വർധിപ്പിച്ച് ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് (ഉത്കർഷ് എസ്എഫ്ബിഎൽ). മലപ്പുറത്ത് കൂടി പുതിയ ഔട്ട്ലെറ്റ് തുറന്നതോടെ കേരളത്തിൽ ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ ആകെ ബാങ്കിങ് ഔട്ട്ലെറ്റുകളുടെ എണ്ണം ആറായി ഉയർന്നു. രാജ്യത്തുടനീളം 934 ബാങ്കിങ് ഔട്ട്ലെറ്റുകളാണ് ഉത്കർഷ് എസ്എഫ്ബിഎലിനുള്ളത്. കേരളത്തിൽ ഞങ്ങളുടെ ബാങ്കിങ് ശൃംഖല വിപുലീകരിക്കുന്നതിൽ ഏറെ സന്തുഷ്ടരാണെന്ന് വിപുലീകരണത്തെക്കുറിച്ച് സംസാരിച്ച ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ എംഡിയും സിഇഒയുമായ ഗോവിന്ദ് സിങ് പറഞ്ഞു. സംസ്ഥാനത്ത് ഞങ്ങളുടെ സാനിധ്യം വിശാലമാക്കാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ ഊന്നിപ്പറയുന്നതാണ് ഈ വിപുലീകരണം.

ചരിത്രപരമായ പ്രാധാന്യത്തിനും ഊഷ്മളമായ സാമൂഹിക ജീവിതത്തിനും പേരുകേട്ട മലപ്പുറം വളർച്ചയ്ക്ക് വളക്കൂറുള്ള മണ്ണ് കൂടിയാണ്. പുതിയ ബാങ്കിങ് ഔട്ട്ലെറ്റ് സാമ്പത്തിക സേവനങ്ങളിലേക്കുള്ള ആക്സസ് വർധിപ്പിക്കുന്നതിനോടൊപ്പം സാമ്പത്തിക വികസനം, സാമ്പത്തിക ഉൾപ്പെടുത്തൽ, കമ്മ്യൂണിറ്റി ശാക്തീകരണം എന്നിവ പ്രോത്സാഹിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സേവിങ്സ്, കറന്റ് അക്കൗണ്ടുകൾ, ഫിക്സഡ് ഡിപ്പോസിറ്റുകൾ, റിക്കറിങ് ഡെപ്പോസിറ്റ് എന്നിവ ഉൾപ്പെടുന്ന സാമ്പത്തിക ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഒരു നിര തന്നെ ഉപഭോക്താക്കൾക്ക് നൽകാൻ ബാങ്കിന് കഴിയും.

ഉപഭോക്താക്കളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനായി, ഭവന വായ്പകൾ, ബിസിനസ് ലോണുകൾ, വസ്തുവിന് മേലുള്ള വായ്പകൾ എന്നിങ്ങനെ വിവിധ വായ്പാ ഉൽപ്പന്നങ്ങളും ബാങ്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്.

# നന്ദിതയുടെ ഡയറിക്കുറിപ്പ് ഇനി കേരളം പഠിക്കും

**കിഴക്കമ്പലം** : ഒന്നാം ക്ലാസിലെ മലയാളം പാഠപുസ്തകത്തിൽ ഇനി കിഴക്കമ്പലം ഗവ എൽ പി സ്കൂളിലെ രണ്ടാം ക്ലാസുകാരി നന്ദിതയുടെ ഡയറിയും.

ഒന്നാം ക്ലാസിൽ പഠിക്കുന്ന സമയത്ത് നന്ദിതയെഴുതിയ കൃഷിയെക്കുറിച്ചുള്ള ഡയറിക്കുറിപ്പാണ് എസ്. സി. ഇ . ആർ.ടി. തയ്യാറാക്കിയ മലയാളം കേരള പാഠാവലിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.കൃഷിത്തോട്ട സന്ദർശനം, വിളകളുടെ സംരക്ഷണം, എന്നീ കൃഷി മൂല്യങ്ങൾ തന്റെ ലഘു കുറിപ്പിൽ ഈ കൊച്ചു മിടുക്കി ഉൾകൊള്ളിച്ചിട്ടുണ്ട്.ഇപ്പോൾ രണ്ടാം ക്ലാസിൽ പഠിക്കുന്ന നന്ദിത കിഴക്കമ്പലം ഗവ ഏൽ പി സ്കൂളിനും നാടിനും അഭിമാനമായി മാറിയിരിക്കുകയാണ്.


നന്ദിത

കഴിഞ്ഞ വർഷം ഒന്നാം ക്ലാസിലെ മലയാളം അധ്യാപികയായിരുന്ന വി. പി. നസീമയുടെ നേതൃത്വത്തിൽ കുട്ടികൾ തയ്യാറാക്കിയ ഡയറിക്കുറിപ്പുകൾ എസ്. സി .ഇ .ആർ .ടി .യുടെ ടെക്സ്റ്റ് ബുക്ക് കമ്മറ്റിക്ക് അയച്ച് കൊടുത്തിരുന്നു. ഇതിൽ നിന്നാണ് നന്ദിതയുടെ കുറിപ്പ് തെരഞ്ഞെടുക്കപ്പെട്ടത്. കിഴക്കമ്പലം പൊയ്യക്കുന്നം സ്വദേശി സുബ്രഹ്മണ്യത്തിന്റെയും രജിതയുടെയും മകളായ നന്ദിത, പ്രീപ്രൈമറി മുതൽ കിഴക്കമ്പലം ഗവ. എൽ. പി . സ്കൂൾ വിദ്യാർത്ഥിയാണ്. പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും നന്ദിത മിടുക്കിയാണ്.നന്ദിതയേയും പ്രവർത്തനങ്ങളിൽ സഹായിച്ച രക്ഷിതാക്കളേയും അധ്യാപിക വി പി നസീമയേയുംപ്രധാനാധ്യാപിക ഷൈബി ജോൺ, പി ടി എ പ്രസിഡൻറ് ഷിബു മാത്യു എന്നിവർ അഭിനന്ദിച്ചു.

# ഓഹരി വിപണി നിക്ഷേപം: ബോധവൽക്കരണ സെമിനാർ

**കോഴിക്കോട്:** ഓഹരി വിപണി നിക്ഷേപവുമായി ബന്ധപ്പെട്ട ബോധവൽക്കരണത്തിന്റെ ഭാഗമായി സെമിനാർ നടത്തി. സെക്യൂരിറ്റീസ് ആന്റ് എക്സേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെയും ഇഉടഘ ന്റെയും സഹകരണത്തോടെയാണ് മാർക്കറ്റ് ജേർണി കോഴിക്കോടും ആലീസ് ബ്ലൂവും സംയുക്തമായി സെമിനാർ സംഘടിപ്പിച്ചത്. ഇൻവെസ്റ്റേഴ്സ് അവെയർനെസ് പ്രോഗ്രാം എന്ന പേരിൽ സംഘടിപ്പിച്ച സെമിനാർ രാജീവ് N.P ഉദ്ഘാടനം ചെയ്തു. മാർക്കറ്റ് ജേർണി കോഴിക്കോട് ഡിസ്ട്രിക്ട് ഹെഡ് വിജേഷ് അധ്യക്ഷത വഹിച്ചു. ആലീസ് ബ്ലൂ വൈസ് പ്രസിഡന്റ് അനിൽ കുമാർ മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് ഷാബിർ, ഷമീർ, മാർക്കറ്റ് ജേർണി അബ്ദുൽ അഹദ്, പ്രൊമോട്ടർ ജംഷീദ് തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ കൈകാര്യം ചെയ്തു. പരിപാടിയിൽ ഷംസീർ സ്വാഗതവും തസ്ബിന ജമാൽ നന്ദിയും പറഞ്ഞു.

# ഇന്ത്യൻ ഓയിലിന്റെ ചെയർമാനായി വി. സതീഷ് കുമാർ



**കൊച്ചി:** ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ ചെയർമാനായി ശ്രീ വി സതീഷ് കുമാർ ഇന്ന് അധിക ചുമതലയേറ്റു. 2021 ഒക്ടോബർ മുതൽ അദ്ദേഹം വഹിച്ചിരുന്ന മാർക്കറ്റിംഗ് ഡയറക്ടർ എന്ന പദവിയുടെ കൂടെയാവും ചെയർമാന്റെ അധിക ചുമതലയും അദ്ദേഹം വഹിക്കുക.ലുബ്ലിയാന സർവകലാശാലയിൽ നിന്ന് മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദം നേടിയ മെക്കാനിക്കൽ എഞ്ചിനീയറാണ് കുമാർ.

# ടി വി എസ് മൊബിലിറ്റിയുടെ ഷി ലീഡ്സ് വനിതാ കാർ ഷോറൂം ആലപ്പുഴയിൽ ആരംഭിച്ചു

**ആലപ്പുഴ:** കേരളത്തിലെ ആദ്യ വനിതാ കാർ ഷോറൂമായ ഷി ലീഡ്സ് എന്ന നവീന ആശയത്തിന് രൂപം നൽകിയത് ടി വി എസ് മൊബിലിറ്റിയുടെ ആലപ്പുഴ റെനോ കാർ ഡീലർഷിപ്പാണ്., ഈ ഷോറൂമിൽ നിന്നുള്ള എല്ലാ പ്രവർത്തനങ്ങളും വനിതാ ജീവനക്കാരാണ് നയിക്കുന്നത് . വിൽപ്പന മുതൽ വാഹനത്തിന്റെ ഡെലിവറി വരെ, എല്ലാ ഘട്ടങ്ങളിലും സ്ത്രീകളുടെ നേതൃത്വത്തിൽ ആണ് പ്രവർത്തനം നടക്കുന്നത്.

സാമൂഹ്യത്തിൽ സ്ത്രീ ശാക്തീകരണത്തിന് പ്രാധാന്യം നൽകുന്നതിൽ ടി വി എസ് മൊബിലിറ്റി പ്രതിജ്ഞാബദ്ധമാണെന്ന് ഉത്ഘാടന വേളയിൽ കമ്പനി സി.ഒ.ഒ ശ്രീ മധു രഘുനാഥ് വ്യക്തമാക്കി. 'മികച്ച ആത്മവിശ്വാസത്തോടെയുള്ള സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങൾ നൽകുന്നതിന്ടെ ഭാഗമായാണ് ഈ ഷോറൂം ആരംഭിച്ചത്,' എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഷി ലീഡ്സ് എന്ന ഈ പുതുപദ്ധതി, സ്ത്രീകളുടെ പ്രാധാന്യം ഉയർത്തുന്ന ഒരു സംരംഭമായി മാറുകയും, സംസ്ഥാനത്തെ മറ്റു സ്ഥാപനങ്ങൾക്ക് മാതൃകയായി തീരുകയും ചെയ്യുന്നു. ഈ സംരംഭത്തിലൂടെ, മഹിളകളുടെ പ്രാധാന്യം കൂടി, അവർക്ക് മെച്ചപ്പെട്ട കരിയർ സാധ്യതകൾ നൽകാനും, അവരുടെ കഴിവുകൾ പൂർണമായി പ്രയോജനപ്പെടുത്താനും കഴിഞ്ഞുവെന്ന് ടി വി എസ് മൊബിലിറ്റി വ്യക്തമാക്കി.

